www.societytodaynews.com
2024 OCTOBER 17 THURSDAY
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇന്ത്യയിലെ ഏറ്റവും വലിയ ഐപിഒയ്ക്ക് തുടക്കം

## ലക്ഷ്യം 27,870 കോടി, ഓഹരി വില 1,8651,960

**മുംബൈ:** ദക്ഷിണ കൊറിയൻ കാർ നിർമാതാക്കളായ 'ഹ്യൂണ്ടായ് മോട്ടോർ ഇന്ത്യ'യിലൂടെ രാജ്യത്തെ എക്കാലത്തെയും വലിയ ഐപിഒയ്ക്ക് തുടക്കമായി. പ്രാഥമിക ഓഹരി വില്പനയിലൂടെ 17.5 കോടി ഓഹരികൾ വിറ്റഴിച്ച് 27,870.16 കോടി രൂപ സമാഹരിക്കാനാണ് കമ്പനിയുടെ ശ്രമം.

10 രൂപ മുഖവിലയുള്ള ഓഹരിയൊന്നിന് 1,8651960 രൂപ നിലവാരത്തിലാണ് വില നിശ്ചയിച്ചിട്ടുള്ളത്. ചുരുങ്ങിയത് ഏഴ് ഓഹരികളുടെ ഒരു ലോട്ടിനാണ് അപേക്ഷിക്കാൻ കഴിയുക. അതായത് ചെറുകിട നിക്ഷേപകർക്ക് ബാധകമായ കുറഞ്ഞ നിക്ഷേപം 13,720 രൂപയാണ്. ആങ്കർ നിക്ഷേപകരിൽനിന്ന് ഇതിനകം 8,315.28 കോടി രൂപ സമാഹരിച്ചതായി കമ്പനി അറിയിച്ചു.

ഐപിഒയ്ക്ക് തുടക്കമായതോടെ ഓഹരിയുടെ ഗ്രേമാർക്കറ്റ് പ്രീമിയം 2.3 ശതമാനം (45 രൂപ) ഉയർന്ന് 1,960 രൂപ നിലവാരത്തിലെത്തി. ഓഹരി വില പ്രഖ്യാപിച്ച ഒക്ടോബർ ഒമ്പതിലെ 147 രൂപയുടെ മൂന്നിലൊന്ന് താഴെയാണ് ഇന്നത്തെ ഗ്രേമാർക്കറ്റ് പ്രീമിയം.

ഒക്ടോബർ 17 വരെയാണ് അപേക്ഷിക്കാൻ കഴിയുക. 18ാം തിയതി അലോട്ട്മന്റ് പൂർത്തിയാക്കും. 21ന് നിക്ഷേപകരുടെ ഡീമാറ്റ് അക്കൗണ്ടിൽ ഓഹരികൾ വരവ് വെയ്ക്കും. ഒക്ടോബർ 22ന് വിപണിയിൽ ലിസ്റ്റ് ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.



വാഹന വില്പനയുടെ കാര്യത്തിൽ രാജ്യത്തെ രണ്ടാമത്തെ വലിയ കാർ നിർമാതാക്കളാണ് ഹ്യൂണ്ടായ് മോട്ടോഴ്സ് ഇന്ത്യ. മാരുതി സുസുക്കിക്ക് തൊട്ടുപുറകിലാണ് സ്ഥാനം. 200809 സാമ്പത്തിക വർഷം മുതൽ ഈ സ്ഥാനം നിലനിർത്തിപ്പോരുന്നുണ്ട്. ഒന്നിലധികം വാഹന സെഗ്മെന്റുകളിലായി 13 മോഡലുകളാണ് കമ്പനി പുറത്തിറക്കിയിട്ടുള്ളത്.

മാരുതി സുസുകിയെപ്പോലെതന്നെ സാങ്കേതിക വിദ്യക്കും നൂതന സംവിധാനങ്ങൾക്കുമായി മാതൃ കമ്പനിയെയാണ് ഹ്യൂണ്ടായിയും ആശ്രയിക്കുന്നത്. ബ്രാൻഡ് നാമത്തിന് പുറമെ, ആഗോള തലത്തിൽ ശ്രദ്ധനേടിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താൻ കമ്പനിക്ക് കഴിയുമെന്നത് നേട്ടമാണ്. പാസഞ്ചർ വാഹന നിർമാണത്തിന് മാതൃ കമ്പനിയുടെ 'സമാർട് ഫാക്ടറി' പ്ലാറ്റ്ഫോം ആണ് ഇന്ത്യയിൽ ഉപയോഗിക്കുന്നത്.

8.2 ലക്ഷം യൂണിറ്റ് ശേഷിയുള്ള പ്ലാന്റ് 2024 മാർച്ചിലാണ് ചെന്നൈക്ക് സമീപം നിർമിച്ചത്. ദക്ഷിണ കൊറിയക്ക് പുറത്തുള്ള കമ്പനിയുടെ ആദ്യത്തെ സംയോജിത നിർമാണ പ്ലാന്റ് കൂടിയാണിത്. ജനറൽ മോട്ടോഴ്സിന്റെ മഹാരാഷ്ട്രയിലെ പ്ലാന്റുകൂടി ഈയിടെ കമ്പനി ഏറ്റെടുത്തിട്ടുണ്ട്. 2026 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയോടെ കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വെന്യു, എക്സറ്റർ, ഉടൻ ലോഞ്ച് ചെയ്യാനിരിക്കുന്ന ക്രെറ്റ ഇ.വി തുടങ്ങിയവ ഉൾപ്പെടുന്ന വിപുലമായ ജനപ്രിയ ശ്രേണി കമ്പനിക്കുണ്ട്. വില്പനയുടെ 68 ശതമാനവും സംഭാവന ചെയ്യുന്നത് ഈ വാഹനങ്ങളാണ്. വ്യവസായ ശരാശരിയേക്കാൾ വളരെ കൂടുതലാണ് ഇത്. ഇതിന് പുറമെയാണ് ഇ.വി സെഗ്മെന്റിലേക്കുള്ള വരവ്. മാതൃ കമ്പനിയുടെ പോർട്ഫോളിയോ പ്രയോജനപ്പെടുത്തി കടുതൽ ചാർജിങ് സ്റ്റേഷനുകൾ ഉൾപ്പെടുത്താനും കമ്പനി ലക്ഷ്യമിടുന്നുണ്ട്.

## ഭീകരപ്രവർത്തനം വ്യാപാരത്തെ തടസ്സപ്പെടുത്തുന്നു': എസ്സിഒ ഉച്ചകോടിയിൽ പാക്കിസ്ഥാനെതിരെ ഇന്ത്യ

**ഇസ്ലാമാബാദ്:** അതിർത്തി കടന്നുള്ള ഭീകരവാദത്തിനെതിരെ ശബ്ദം കടുപ്പിച്ച് ഇന്ത്യ. പാക്കിസ്ഥാന്റെ തലസ്ഥാനമായ ഇസ്ലാമാബാദിൽ നടക്കുന്ന എസ്സിഒ ഉച്ചകോടിയിലാണ് വ്യാപാരത്തെ അതിർത്തി കടന്നുള്ള ഭീകരവാദം തടസ്സപ്പെടുത്തുന്നുവെന്ന് വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ തുറന്നടിച്ചത്. അതിർത്തി കടന്നുള്ള ഭീകരവാദം ഊർ!ജമേഖലയെ തടസ്സപ്പെടുത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു.

പാക്കിസ്ഥാനുള്ള പരോക്ഷ മുന്നറിയിപ്പായാണ് എസ്.ജയശങ്കറിന്റെ പരാമർശം. ഭീകരവാദം, മതതീവ്രവാദം എന്നിവ തടയാൻ എല്ലാ രാജ്യങ്ങൾക്കും ഉത്തരവാദിത്തമുണ്ട്. അയൽരാജ്യങ്ങൾ തമ്മിൽ അവിശ്വാസം ഉടലെടുക്കുന്നത് മേഖലയ്ക്ക് ഗുണം ചെയ്യില്ല. രാജ്യങ്ങളുടെ പരമാധികാരം പരമപ്രധാനമാണ്. പരസ്പരം ഇത് ലംഘിക്കപ്പെടരുതെന്നും ജയശങ്കർ ആവശ്യപ്പെട്ടു.

## ലബനനിൽ ആക്രമണം കടുപ്പിച്ച് ഇസ്രയേൽ

**ബെയ്റൂട്ട്:** തെക്കൻ ലബനനിൽ ഇസ്രയേൽ വ്യോമാക്രമണത്തിൽ ടൗൺ മേയറടക്കം 5 ഭീകരർ കൊല്ലപ്പെട്ടു. നബാത്തിയ നഗരത്തിലുണ്ടായ വ്യോമാക്രമണത്തിലാണ് ടൗൺ മേയർ കൊല്ലപ്പെട്ടതെന്ന് സുരക്ഷാ സേനയെ ഉദ്ധരിച്ചുകൊണ്ട് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. നബാത്തിയയിലെ മുനിസിപ്പൽ കെട്ടിടത്തിന് നേരെയായിരുന്നു ഇസ്രയേൽ കഴിഞ്ഞ ദിവസം വ്യോമാക്രമണം നടത്തിയത്. നബാത്തിയയിലും പരിസര പ്രദേശങ്ങളിലുമായി 11 വ്യോമാക്രമണങ്ങളാണ് ഇസ്രയേൽ അടുത്തടുത്ത ദിവസങ്ങളിൽ നടത്തിയത്.

തകർന്ന കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. നിരവധി പേർ തകർന്ന കെട്ടിടങ്ങൾക്കുള്ളിൽ കുടുങ്ങിക്കിടക്കുന്നതായാണ് ലബനീസ് ആരോഗ്യമന്ത്രാലയം അറിയിച്ചിരിക്കുന്നത്. ലബനനിൽ ഇസ്രയേൽ നടത്തുന്ന ആക്രമണത്തിൽ കഴിഞ്ഞ ദിവസം യുഎസ് ഉത്കണ്ഠ പ്രകടിപ്പിച്ചിരുന്നു. വിഷയത്തിൽ ആശങ്കയുണ്ടെന്നാണ് യുഎസ്, ബെന്യാമിൻ നെതന്യാഹു സർക്കാരിനെ അറിയിച്ചിരിക്കുന്നത്.

## എല്ലാ സീറ്റിലും മൊബൈൽ ചാർജിങ്, ഹോൾഡറുകൾ, വൈഫൈ; പുതിയ എസി ബസുകളുമായി കെഎസ്ആർടിസി

**തിരുവനന്തപുരം:** കെഎസ്ആർടിസി ഇന്ന് നിരത്തിലിറക്കുന്ന സൂപ്പർ ഫാസ്റ്റ് പ്രീമിയം എസി ബസിൽ നിരവധി സൗകര്യങ്ങൾ. എയർ കണ്ടിഷൻ ബസിൽ വൈഫൈ കിട്ടും. ഒരു ജിബി സൗജന്യ വൈഫൈയ്ക്ക് പുറമേ വീണ്ടും ചെറിയ തുക നൽകി കൂടുതൽ വൈഫൈ ലഭ്യമാക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. മൊബൈൽ ആപ് വഴി മുൻകൂട്ടി റിസർവ് ചെയ്യാം. ദീർഘദൂര യാത്രക്കാർക്ക് എവിടെനിന്നും നാമമാത്രമായ കൺവീനിയൻസ് ചാർജ് നൽകി കയറാനുമാകും. കെഎസ്ആർടിസി സ്വിഫ്റ്റിന്റെ തനതു ഫണ്ട് ഉപയോഗിച്ചു വാങ്ങിയ 10 ബസുകളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.

സുഖകരമായ യാത്രയ്ക്ക് റിക്ലൈനിങ് സൗകര്യമുള്ള സീറ്റുകളുണ്ട്. 40 യാത്രക്കാർക്ക് ഇരുന്നു സഞ്ചരിക്കാം. എല്ലാ സീറ്റുകളിലും മൊബൈൽ ചാർജിങ് സൗകര്യമുണ്ട്. റീഡിങ് ലാംപ്, ബോട്ടിൽ ഹോൾഡറുകൾ, മാഗസിൻ പൗച്ച്, മ്യൂസിക് സിസ്റ്റം, ടിവി, സിസിടിവി ക്യാമറ, സ്ലൈഡിങ് വിൻഡോകൾ, സൈഡ് കർട്ടനുകൾ, എല്ലാ സീറ്റുകളിലും സീറ്റ് ബെൽറ്റുകൾ തുടങ്ങിയ സൗകര്യങ്ങളുമുണ്ട്.

സുരക്ഷയ്ക്കായി ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, എഐ ക്യാമറ അസിസ്റ്റന്റ്, ഡ്രൈവർ മോണിറ്ററിങ് സംവിധാനം എന്നിവ ഈ ബസുകളുടെ പ്രത്യേകതയാണ്. സൂപ്പർ ഫാസ്റ്റ് ബസുകളുടെ നിരക്കിനേക്കാൾ അൽപം ഉയർന്നതും എന്നാൽ മറ്റ് എസി ബസുകളേക്കാൾ കുറഞ്ഞ നിരക്കുമാണ്. ടാറ്റ മോട്ടോഴ്സ് നിർമിച്ചിരിക്കുന്ന ബിഎസ്6 ബസിന് 39.6 ലക്ഷം രൂപയാണ് വില.



# ഐഎസ്എ കോൺ കേരള 2024 നാളെ മുതൽ കൊച്ചിയിൽ

**കൊച്ചി:** അനസ്തീഷ്യ ഡോക്ടർമാരുടെ സംഘടനയായ ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തീഷ്യോളജിസ്റ്റ് (ഐഎസ്എ) കേരള ചാപ്റ്ററിന്റെ 48ാമത് സംസ്ഥാന സമ്മേളനം ഐഎസ്എ കോൺ കേരള 2024 നാളെ (ഒക്ടോബർ 18) മുതൽ 20 വരെ കലൂർ ഐ.എം.എ ഹൗസിൽ നടക്കുമെന്ന് ഓർഗനൈസിംഗ് കമ്മിറ്റി പ്രസിഡന്റ് ഡോ. കെ.ആർ ഷാജി, സെക്രട്ടറി ഡോ.എസ്. എം സുരേഷ്, ട്രഷറർ ഡോ. എം. അനീഷ് എന്നിവർ അറിയിച്ചു.

ഐ.എസ്.എ നോർത്ത് പറവൂർ ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന സമ്മേളനത്തിൽ ഇന്ത്യയിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും അടക്കം 800 ലധികം വിദഗ്ദ ഡോക്ടർമാർ പങ്കെടുക്കും. വൈദ്യശാസ്ത്രമേഖലയിലെ നൂതനമായ അറിവുകൾ അടക്കം സമ്മേളനത്തിൽ ചർച്ചചെയ്യും. അനസ്തീഷ്യ വിഭാഗത്തിലെ വിവിധ വിഷയങ്ങളിൽ പ്രായോഗിക പരിശീലന ക്ലാസും സമ്മേളനത്തിന്റെ ഭാഗമായി ഉണ്ടാകും. 18 ന് രാവിലെ ഒമ്പതു മുതൽ വൈകുന്നേരം നാലു വരെ അൾട്രാ സൗണ്ട് ഗൈഡഡ് നെർവ് ബ്ലോക്സ്- ബേസിക്സ് ടു അഡ്വാൻസഡ്, എക്കോ ഫോർ അനസ്തീഷ്യോളജിസ്റ്റ്സ്, വെന്റിലേറ്റേഴ്സ് ബേസിക്സ് ടു അഡ്വൻസഡ് തുടങ്ങിയ വിഷയങ്ങളിൽ ശിൽപശാല നടക്കും.

19 ന് രാവിലെ 10 ന് തുടർ വിദ്യാസ പരിപാടി നടക്കും. ഐഎസ്എ മുൻ ദേശീയ പ്രസിഡന്റ് ഡോ.ബി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. തുടർന്ന് അനസ്തീഷ്യയുയമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ വിദഗ്ദർ സംസാരിക്കും. വൈകുന്നേരം ആറിന് നടക്കുന്ന യോഗത്തിൽ കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്യും.

ഐ.എസ്.എ കേരള പ്രസിഡന്റ് ഡോ. സി.ആർ സെൻ അധ്യക്ഷത വഹിക്കും. കേരള ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമ്മൽ മുഖ്യ പ്രഭാഷണം നടത്തും.

വിവിധ അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്യും.ഡോ. സുഗു വർഗ്ഗീസ്, ഡോ. പോൾ. ഒ. റാഫേൽ, ഡോ.ബിനിൽ ഐസക് മാത്യു, ഡോ. ആരിഫ് തസ് ലിം, തുടങ്ങിയവർ സംസാരിക്കും. 20 ന് വൈകുന്നേരം നാലിന് സമാപന സമ്മേളനം നടക്കും.

# സംസ്ഥാന സ്കൂൾ കായികമേള നവംബർ 4 മുതൽ 11 വരെ കൊച്ചിയിൽ

**തിരുവനന്തപുരം:** സംസ്ഥാന സ്കൂൾ കായികമേള നവംബർ 4 മുതൽ 11 വരെ കൊച്ചിയിലെ തിരഞ്ഞെടുത്ത 17 സ്റ്റേഡിയങ്ങളിൽ രാവും പകലുമായി സംഘടിപ്പിക്കും. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഒളിമ്പ്ക്സ് മാതൃകയിലാണ് മേള ചിട്ടപ്പെടുത്തുന്നത്. ഇരുപത്തിനാലായിരം കായിക പ്രതിഭകൾ പങ്കെടുക്കുന്ന കായിക മേള ലോകത്തെ തന്നെ ഏറ്റവും കൂടുതൽ കായിക താരങ്ങൾ പങ്കെടുക്കുന്ന ഏറ്റവും വലിയ കായിക മാമാങ്കമാകുമെന്നാണ് പ്രതീക്ഷയെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളെ കൂടി പങ്കെടുപ്പിക്കുന്ന ഇൻക്ലൂസീവ് സ്പോർട്സ് ഉൾപ്പെടെ 39 കായിക ഇനങ്ങളിൽ പതിനായിരം മത്സരമാണ് സംഘടിപ്പിക്കുന്നത്. നവംബർ 4 ന് വൈകുന്നേരം 5.00 മണി മുതൽ കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഒളിമ്പിക്സിനെ അനുസ്മരിപ്പിക്കുന്ന രീതിയിലുള്ള വിപുലമായ ചടങ്ങുകളോടെ മത്സരങ്ങൾ ആരംഭിക്കും. സമാപനം നവംബർ 11 ന് വൈകുന്നേരം 4.00 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചി മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ ഉദ്ഘാടനം ചെയ്യും.

കായികമേളയുടെ ചരിത്രത്തിൽ ആദ്യമായി ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്ന ടീമിന് മുഖ്യമന്ത്രിയുടെ എവർ റോളിംഗ് ട്രോഫി സമ്മാനിക്കും. എമിറേറ്റ്സിൽ കേരള സിലബസ്സിൽ പഠിപ്പിക്കുന്ന എട്ട് സ്കൂളുകളിലെ വിദ്യാർത്ഥികൾ കൂടി കായിക മേളയിൽ പങ്കെടുക്കാനുള്ള അവസരം ആദ്യമായി ഒരുക്കുന്നുണ്ട്.

സംസ്ഥാന സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെയുള്ള തീയതികളിൽ തിരുവനന്തപുരത്ത് വിവിധ വേദികളിലായി സംഘടിപ്പിക്കും. ജനുവരി 4 ന് രാവിലെ 10.00 മണിക്ക് മുഖ്യമന്ത്രി കലോത്സവം ഉദ്ഘാടനം ചെയ്യും. കലോത്സവ ചരിത്രത്തിൽ ആദ്യമായി തദ്ദേശീയ ജനവിഭാഗങ്ങളുടെ കലാരൂപങ്ങൾ കൂടി മത്സര ഇനമായി കലോത്സവത്തിൽ അരങ്ങേറും.

ഇരുള നൃത്തം, മലപ്പുലയ ആട്ടം, പളിയ നൃത്തം, മംഗലം കളി, പണിയ നൃത്തം എന്നിവയാണ് കലോത്സവത്തിൽ മത്സര ഇനമായി ഉൾക്കൊള്ളിച്ചിട്ടുള്ളത്. 249 ഇനങ്ങളിലായി 15000 ത്തോളം കുട്ടികൾ കലോത്സവത്തിൽ പങ്കെടുക്കും.

ഈ വർഷത്തെ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം 2024 നവംബർ 15 മുതൽ 18 വരെയുള്ള തീയതികളിലായി ആലപ്പുഴയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസം, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി തലങ്ങളിലെ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ, ഐ.ടി. വിഭാഗങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന കേരള സ്കൂൾ ശാസ്ത്രോത്സവം സംഘടനാപാടവം കൊണ്ടും മത്സരയിനങ്ങളുടെ വൈവിധ്യം കൊണ്ടും അദ്ധ്യാപക വിദ്യാർത്ഥി പങ്കാളിത്തം കൊണ്ടും ഏഷ്യയിലെ തന്നെ ബൃഹത്തായ ശാസ്ത്രമേളയാകും. 4 ദിവസങ്ങളിലായാണ് ശാസ്ത്രോത്സവം പൂർത്തിയാക്കുന്നത്.

ആദ്യ ദിവസത്തിൽ രജിസ്ട്രേഷനും 1,2,3 തീയതികളിൽ മത്സരങ്ങളും, പ്രദർശനവും നടക്കുന്നു. ഏകദേശം 10,000ത്തോളം മത്സരാർത്ഥികൾ ഈ മേളയിൽ മാറ്റുരയ്ക്കുന്നുണ്ട്. ശാസ്ത്രം, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, കാലഘട്ടത്തിന്റെ അനിവാര്യതയായ ഐ.റ്റി വിഭാഗം, പ്രവൃത്തിപരിചയം, എന്നിങ്ങനെ 5 വിഭാഗങ്ങളിലായാണ് മത്സരം നടക്കുന്നത്. എച്ച്.എസ്, എച്ച്.എസ്.എസ്, വി.എച്ച്.എസ്.എസ് വിഭാഗങ്ങളിലായി ആകെ 180 ഇനങ്ങളിൽ ആണ് മത്സരം നടക്കുന്നത്. ശാസ്ത്രോത്സവത്തിന്റെ ഭാഗമായി വൊക്കേഷണൽ എക്സ്പോയും കരിയർഫെസ്റ്റും നടത്തുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

# സമഗ്ര ട്രോമകെയർ സംവിധാനം എല്ലാ ജില്ലകളിലും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സമഗ്ര ട്രോമകെയർ സംവിധാനം എല്ലാ ജില്ലകളിലും യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മെഡിക്കൽ കോളേജുകൾക്ക് പുറമേ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി ട്രോമകെയർ സംവിധാനമൊരുക്കി വരുന്നു. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട്, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ ലെവൽ 1 ട്രോമ കെയർ സംവിധാനവും കൊല്ലം, എറണാകുളം, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ ലെവൽ 2 ട്രോമകെയർ സംവിധാനവുമാണുള്ളത്. ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് മെഡിക്കൽ കോളേജുകളിൽ ലെവൽ 2 സംവിധാനം ഒരുക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ ദേശീയ പാതയോടും സംസ്ഥാന പാതയോടും ചേർന്നുള്ള ആരോഗ്യ വകുപ്പിന് കീഴിലുള്ള 52 തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലും ട്രോമ കെയർ സംവിധാനമൊരുക്കി വരുന്നതായും മന്ത്രി വ്യക്തമാക്കി.

അപകടം സംഭവിച്ചാൽ ആദ്യത്തെ മണിക്കൂറുകൾ വളരെ പ്രധാനമാണ്. ആ സുവർണ നിമിഷങ്ങൾക്കകം അടിയന്തര ചികിത്സ ലഭ്യമാക്കാനായി സൗകര്യമൊരുക്കാനുള്ള പദ്ധതിയാണ് ആരോഗ്യ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ളത്. കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തി ബ്ലാക്ക് സ്പോട്ടുകൾ നിശ്ചയിച്ച് കനിവ് 108 ആംബുലൻസുകൾ പുന:വിന്യസിച്ചു. അപകടത്തിൽ പെടുന്നവർക്ക് വേഗത്തിൽ പ്രാഥമിക ചികിത്സ ലഭ്യമാക്കാനായി സംസ്ഥാന പാതയോടും ദേശീയ പാതയോടും ബന്ധിപ്പിച്ച് പ്രധാന ആശുപത്രികളിൽ ട്രോമകെയർ സംവിധാനമൊരുക്കി വരുന്നു. ഒരു രോഗിയെ ആ ആശുപത്രിയിൽ നിന്നും മറ്റൊരു ഉയർന്ന ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നതിന് റഫറൽ മാർഗനിർദേശങ്ങളും പുറത്തിറക്കി. റഫറൽ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിൽ ട്രോമകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആദ്യമായി എമർജൻസി മെഡിസിൻ വിഭാഗം ആരംഭിച്ചു. അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, സീനിയർ റെസിഡന്റ് തസ്തികകൾ ഉൾപ്പെടെ സൃഷ്ടിച്ചു.

മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിൽ മികച്ച ചികിത്സ ഉറപ്പാക്കാൻ ക്വാളിറ്റി മാനേജ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ കേന്ദ്ര സർക്കാർ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്താൻ തീരുമാനിച്ചു. അത്യാഹിത വിഭാഗ ചികിത്സയുടെ പഠനത്തിനായി നീതി ആയോഗ് ഐസിഎംആർ തെരഞ്ഞടുക്കുന്ന രാജ്യത്തെ 5 മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജും ഉൾപ്പെട്ടത്.

മികച്ച ട്രോമകെയറിന് മികച്ച പരിശീലനം ഏറ്റവും അത്യാവശ്യമാണ്. ഒരാൾ അപകടത്തിൽപ്പെട്ടാൽ ഗോൾഡൻ അവറിനുള്ളിൽ അയാളെ രക്ഷിക്കുക എന്നത് വളരെ പ്രധാനമാണ്. അതിന് വിദഗ്ധ പരിശീലനം ആവശ്യമാണ്.

ഇത് മുന്നിൽ കണ്ട് ആരോഗ്യ പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനായി അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിഗ് സെന്റർ (എ.ടി.ഇ.എൽ.സി.) സ്ഥാപിച്ചു. ഇതിനോടകം 25,000ലധികം ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

## പി.എസ്.സി പരീക്ഷ

**തിരുവനന്തപുരം:** കേരള പബ്ലിക് സർവീസ് കമ്മീഷൻ മലപ്പുറം ജില്ലയിലെ വിവിധ വകുപ്പുകളിലേക്കുള്ള ക്ലർക്ക് തസ്തികയിലേക്കുള്ള ഒ.എം.ആർ പരീക്ഷ ഒക്ടോബർ 19ന് ഉച്ചയ്ക്ക് 1.30 മുതൽ 3.30 വരെ മലപ്പുറം, കോഴിക്കോട്, പാലക്കാട്, തൃശൂർ ജില്ലകളിലെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തും. അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാകും. ഉദ്യോഗാർത്ഥികൾ അവരവരുടെ പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്തിട്ടുള്ള അഡ്മിഷൻ ടിക്കറ്റും കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തിരിച്ചറിയൽ കാർഡും സഹിതം ഉച്ചയ്ക്ക് ഒന്നിന് മുൻപ് പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിച്ചേരണമെന്ന് പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാഓഫീസർ അറിയിച്ചു.

# ഹിന്ദി ഭാഷാ പഠനത്തിന് ഇക്യൂബ് ലാംഗ്വേജ് ലാബ് സഹായകമാകും

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന ഇക്യൂബ് ഹിന്ദി ലാംഗ്വേജ് ലാബ് പദ്ധതി ഹിന്ദി ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിന് സഹായകമാകുമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. പൊതുവിദ്യാലയങ്ങളിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഹൈടെക് സംവിധാനങ്ങൾ ഭാഷാപഠനത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് ലാബിലുടെ കഴിയുമെന്നും മന്ത്രി പറഞ്ഞു. കൈറ്റ് രൂപകൽപ്പന ചെയ്ത ഇ ക്യൂബ് ഹിന്ദി ലാംഗ്വേജ് ലാബ് സെക്രട്ടേറിയറ്റിലെ പിആർ ചേംബറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലെത്തുന്ന ഓരോ വിദ്യാർഥിയും മാതൃഭാഷ കൂടാതെ രണ്ട് ഭാഷകൾ കൂടി പഠിക്കുകയും പരിശീലിക്കുകയും ചെയ്യുന്നുണ്ട്. ഇതര ഭാഷകൾ ഒരേപോലെ ഉപയോഗിക്കാൻ എല്ലാ കുട്ടികൾക്കും കഴിയുക എന്നത് പുതിയ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇംഗ്ലീഷ് ഭാഷയിൽ കുട്ടികളുടെ പ്രാവീണ്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കൈറ്റ് 2022 ൽ ഇക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് നടപ്പിലാക്കിയത്. കേന്ദ്രസർക്കാരിനു കീഴിലുള്ള ബെംഗളൂരു റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തിയ പഠനത്തിൽ ഇക്യൂബ് ഇംഗ്ലീഷ് പദ്ധതി ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനു തുടർച്ചയായാണ് ഇക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് പ്ലാറ്റ്ഫോമിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കുട്ടികളുടെ ഹിന്ദി ഭാഷാ പ്രാവീണ്യം ഉയർത്തുന്നതിനായി ഇക്യൂബ് ഹിന്ദി ഭാഷാ പ്രയോഗ് ശാല സോഫ്റ്റ്വെയർ കൈറ്റ് വികസിപ്പിച്ചതെന്ന് മന്ത്രി പറഞ്ഞു.

## എം.ഡി.എസ്. കോഴ്സ് പ്രവേശനത്തിന് ഭിന്നശേഷിക്കാർക്ക് മെഡിക്കൽ പരിശോധന

**തിരുവനന്തപുരം:** സംസ്ഥാനത്തെ എം.ഡി.എസ്. കോഴ്സ് പ്രവേശനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചവരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുവാൻ അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്കായി മെഡിക്കൽ ബോർഡ് സംഘടിപ്പിക്കുന്നു. ഒക്ടോബർ 18 ന് രാവിലെ 11.00 ന് തിരുവനന്തപുരത്തെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കുന്ന പരിശോധനയിൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകാൻ വിട്ടുപോയ വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. അത്തരം വിദ്യാർത്ഥികൾ മെഡിക്കൽ പരിശോധനയിൽ പങ്കെടുക്കുന്ന വിവരം ceekinfo.cee@kerala.gov.in എന്ന ഇമെയിലിലൂടെ ഒക്ടോബർ 17 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2525300.

## അധ്യാപക നിയമനം

**തിരുവനന്തപുരം:** തിരുവനന്തപുരം എയ്ഡഡ് സ്കൂളിൽ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥികൾക്കായി (കേൾവിക്കുറവ് 1) സംവരണം ചെയ്ത തസ്തികയിൽ ഒഴിവ് ഉണ്ട്. ബിരുദവും ബി.എഡ് / ബി ടി പാസായിരിക്കണം. യോഗ്യത പരീക്ഷ പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടാകണം. പ്രായപരിധി 1840 വയസ്സ് (ഭിന്നശേഷിക്കാർക്ക് നിയമാനുസൃത വയസിളവ്) നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒക്ടോബർ 22 ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം.

## ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവ്

**തിരുവനന്തപുരം:** ചാക്ക ഗവ. ഐടിഐയിൽ ഡ്രാഫ്സ്മാൻ മെക്കാനിക് ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവിൽ വിശ്വകർമ്മ കാറ്റഗറിയിൽ താത്കാലിക ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നു. ഉദ്യോഗാർഥികൾ ഒക്ടോബർ 18 ന് 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുമായി ചാക്ക ഗവ. ഐടിഐ പ്രിൻസിപ്പൽ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം. എസ്എസ്എൽസി, ബന്ധപ്പെട്ട ട്രേഡിൽ എൻ.ടി.സിയും 3 വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. എൻഎസിയും ഒരു വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻജിനിയറിങ് ഡിപ്ലോമ/ഡിഗ്രി ഉള്ളവർക്കും അപേക്ഷിക്കാം.

## ഡെപ്യൂട്ടേഷൻ ഒഴിവ്

**തിരുവനന്തപുരം:** കേരള വനിതാ കമ്മീഷനിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് തസ്തികയിലേക്ക് ഡെപ്യുട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ സർവ്വീസിൽ സമാന തസ്തികയിൽ (39300 83000) ശമ്പള സെകെയിലിൽ സേവനമനുഷ്ഠിക്കുന്നവരിൽ നിന്നും അപേക്ഷക്ഷണിച്ചു. നിശ്ചിത ഫോമിലുള്ള അപേക്ഷ നിരാക്ഷേപപത്രം സഹിതം മേലധികാരി മുഖേന മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, ലൂർദ്ദ് പള്ളിക്കുസമീപം, പിഎംജി, പട്ടം പി.ഒ തിരുവനന്തപുരം 695004 എന്ന വിലാസത്തിൽ ഒക്ടോബർ 26 നകം ലഭിക്കണം.

# അമീബിക് മസ്തിഷ്കജ്വരം: പ്രത്യേക ജാഗ്രത വേണം

**ആലപ്പുഴ:** സമീപജില്ലയിൽ 10 വയസ്സുള്ള കുട്ടിക്ക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ച സാഹചര്യത്തിലും 2023 ൽ ജില്ലയിൽ ഇതേ രോഗം പിടിപെട്ട് ഒരു കുട്ടി മരണമടയുകയും ചെയ്തിട്ടുള്ളതിനാലും അമീബിക് മസ്തിഷ്കജ്വരത്തിനെതിരെ ജാഗ്രത അനിവാര്യമാണെന്ന് ജില്ല മെഡിക്കൽ ഓഫീസർ ആരോഗ്യം അറിയിച്ചു.

പരാദ സ്വഭാവമില്ലാതെ ജലത്തിൽ സ്വതന്ത്രമായി ജീവിക്കുന്ന അമീബ വിഭാഗത്തിൽപ്പെടുന്ന രോഗാണുക്കൾ നീർച്ചാലിലോ കുളത്തിലോ കുളിക്കുന്നത് വഴി മൂക്കിലെ നേർത്ത തൊലിയിലൂടെയും ചെവിയിലൂടെയും മനുഷ്യന്റെ ശരീരത്തിൽ കടക്കുകയും തലച്ചോറിനെ ഗുരുതരമായി ബാധിക്കുന്ന എൻസഫലിറ്റിസ് ഉണ്ടാക്കാനിടയാക്കുന്നു.

മലിനമായ ജലാശയങ്ങളിലും വെള്ളക്കെട്ടുകളിലും മുങ്ങിക്കുളിക്കുന്നത് പ്രധാന രോഗ കാരണമാണ്. നമുക്ക് ചുറ്റുമുള്ള ജലാശയങ്ങളിലും വെള്ളക്കെട്ടുകളിലും രോഗകാരിയായ നെഗ്ലേറിയ ഫോളറി എന്ന അമീബ ഉണ്ടാകാനിടയുണ്ട്. ശരീരത്തിൽ പ്രവേശിച്ച് കഴിഞ്ഞ് അഞ്ചു മുതൽ 10 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ ഉണ്ടാകുന്നു. സാധാരണ മസ്തിഷ്ക ജ്വരത്തിന്റെ ലക്ഷണങ്ങളാണ് ഉണ്ടാകുന്നതെങ്കിലും രോഗകാരണം അമീബയാണെങ്കിൽ അസുഖം മൂർച്ഛിക്കുകയും ലക്ഷണങ്ങൾ തീവ്രമാകാനും മരണത്തിന് കാരണമാകാനും ഇടയുണ്ട്.

തലച്ചോറിന് ചുറ്റുമുള്ള ആവരണത്തെ അമീബ ആക്രമിക്കുകയും തലച്ചോറിൽ നീർവീക്കം ഉണ്ടാക്കുകയും ചെയ്യുന്നു. മൂക്കിൽ നിന്ന് നേരിട്ട് തലച്ചോറിലേക്ക് പോകുന്ന നാഡികൾ വഴിയാണ് അമീബ തലച്ചോറിൽ എത്തുന്നത്. തലച്ചോറിലെ രാസവസ്തുക്കൾ വളരെ വേഗം ഭക്ഷണം ആക്കുന്നതിനാൽ തലച്ചോർ തീനി അമീബകൾ എന്നും ഇവ അറിയപ്പെടുന്നു.

**രോഗ ലക്ഷണങ്ങൾ**

പനി,തലവേദന, ഓക്കാനം, ഛർദ്ദി ,ബോധംനഷ്ടപ്പെടുക, കഴുത്ത് തിരിക്കാനുള്ള ബുദ്ധിമുട്ട് /വേദന നടുവേദന എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ. തുടർന്ന് അപസ്മാരം, ബോധക്ഷയം ,പരസ്പര ബന്ധമില്ലാത്ത സംസാരിക്കുക തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാകാം. ആരംഭത്തിൽ ഡോക്ടറെ കണ്ട് ചികിത്സ എടുക്കുകയും മരുന്നു കഴിച്ചിട്ടും മാറാത്ത പനിയും മറ്റു ലക്ഷണങ്ങളും ഉണ്ടെങ്കിൽ കൂടുതൽ വിദഗ്ധ ചികിത്സ തേടുകയും വേണം. ഈ ലക്ഷണങ്ങൾ ഉള്ളവർ കുളത്തിലോ മറ്റ് ജലാശയങ്ങളിലും അടുത്തകാലത്ത് കുളിക്കുകയും വെള്ളം മൂക്കിൽ കയറുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് ഡോക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

**പ്രതിരോധശീലങ്ങൾ കർശനമായി പാലിക്കുക**

വൃത്തിയില്ലാത്ത കുളങ്ങൾ , ജലാശയങ്ങൾ, പാറയിടുക്കുകളിൽ കിടക്കുന്ന വെള്ളം, ക്ലോറിനേഷൻ നടത്താത്ത സ്വിമ്മിങ് പൂളുകൾ എന്നിവയിൽ കുളിക്കുകയോ നീന്തുകയോ മുഖം കഴുകുകയോ ചെയ്യരുത്. നീന്തുമ്പോൾ വെള്ളം മൂക്കിലൂടെ അകത്തേക്ക് കടക്കാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കേണ്ടതാണ്. നോസ് പ്ളഗ്ഗ്കൾ ഉപയോഗിക്കുകയും മൂക്കിലൂടെ വെള്ളം കടക്കാത്ത രീതിയിൽ തല ഉയർത്തി പിടിക്കുകയോ ചെയ്യുക. ചെറുകുളങ്ങളിലും കെട്ടിനിൽക്കുന്ന വെള്ളത്തിലും കുളിക്കാനും കളിക്കാനും ഇറങ്ങുന്നില്ല എന്ന് അധ്യാപകരും രക്ഷകർത്താക്കളും ഉറപ്പാക്കേണ്ടതാണ്.

# സിബിഎസ്ഇ കൊച്ചി സഹോദയ കലോത്സവത്തിന് സമാപനം: ഓവറോൾ കിരീടം വൈറ്റില ടോക് എച്ച് പബ്ലിക് സ്കൂളിന്

**കൊച്ചി:** ബാല കൗമാര പ്രതിഭകൾ മാറ്റുരച്ച സിബിഎസ്ഇ കൊച്ചി സഹോദയ കലോത്സവം സമാപിക്കുമ്പോൾ ഇഞ്ചോടിഞ്ച് പോരാട്ടത്തിനൊടുവിൽ വൈറ്റില ടോക് എച്ച് പബ്ലിക് സ്കൂൾ ഓവറോൾ ചാമ്പ്യന്മാരായി. തിരുവാണിയൂർ കൊച്ചിൻ റിഫൈനറീസ് സ്കൂളിൽ സംഘടിപ്പിച്ച വിവിധ മത്സരങ്ങൾക്കൊടുവിൽ 714 പോയിന്റോടെയാണ് ടോക് എച്ച് പബ്ലിക് സ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. 669 പോയിന്റുമായി രാജഗിരി ക്രിസ്തു ജയന്തി പബ്ലിക് സ്കൂൾ രണ്ടാം സ്ഥാനവും 644 പോയിന്റുമായി ഗിരിനഗർ ഭവൻസ് വിദ്യാമന്ദിർ മൂന്നാം സ്ഥാനവും നേടി.

തിരുവാണിയൂർ കൊച്ചിൻ റിഫൈനറീസ് സ്കൂളിൽ സംഘടിപ്പിച്ച സമാപന സമ്മേളനത്തിൽ കൊച്ചി സഹോദയ പ്രസിഡന്റും കൊച്ചിൻ റിഫൈനറീസ് സ്കൂൾ പ്രിൻസിപ്പലുമായ വിനുമോൻ മാത്യു വിജയികൾക്ക് ഓവർ ഓൾ ചാമ്പ്യൻഷിപ്പ് ട്രോഫി സമ്മാനിച്ചു. ഓരോ വിഭാഗങ്ങളിലെയും വിജയികൾക്ക് പ്രത്യേകം ട്രോഫികൾ നൽകി.

മൂന്ന്, നാല്, ക്ലാസുകളിലെ വിദ്യാർത്ഥികൾ ഉൾപ്പെട്ട ഒന്നാം വിഭാഗത്തിൽ കാക്കനാട് ഭവൻസ് ആദർശ വിദ്യാലയ 63 പോയിന്റോടെ ഒന്നാം സ്ഥാനവും കൊച്ചിൻ റിഫൈനറീസ് സ്കൂൾ 54 പോയിന്റോടെ രണ്ടാം സ്ഥാനവും നേടി.5,6,7 ക്ലാസുകൾ ഉൾപ്പെട്ട രണ്ടാം വിഭാഗത്തിൽ 121 പോയിന്റുമായി രാജഗിരി ക്രിസ്തു ജയന്തി പബ്ലിക് സ്കൂൾ ഒന്നാം സ്ഥാനവും 114 പോയിന്റുമായി കൊച്ചിൻ റിഫൈനറീസ് സ്കൂൾ രണ്ടാം സ്ഥാനവും നേടി. 8, 9, 10 ക്ലാസുകൾ ഉൾപ്പെട്ട മൂന്നാം വിഭാഗത്തിൽ 229 പോയിന്റുമായി കാക്കനാട് ഭവൻസ് ആദർശ വിദ്യാലയ ഒന്നാം സ്ഥാനവും 221 പോയിന്റുമായി ഗിരിനഗർ ഭവൻസ് വിദ്യാമന്ദിർ രണ്ടാം സ്ഥാനവും നേടി.പ്ലസ് വൺ, പ്ലസ് ടു ക്ലാസുകൾ ഉൾപ്പെട്ട നാലാം വിഭാഗത്തിൽ 205 പോയിന്റുനേടി ഗിരിനഗർ ഭവൻസ് വിദ്യാമന്ദിർ ഒന്നാം സ്ഥാനവും 201 പോയിന്റുമായി വൈറ്റില ടോക് എച്ച് പബ്ലിക് സ്കൂൾ രണ്ടാം സ്ഥാനവും നേടി. ചടങ്ങിൽ എരൂർ ഭവൻസ് വിദ്യാമന്ദിർ പ്രിൻസിപ്പലും കൊച്ചി സഹോദയ ട്രഷററുമായ ഇ.പാർവതി, കൊച്ചിൻ റിഫൈനറീസ് സ്കൂൾ വൈസ് പ്രിൻസിപ്പൽ പ്രേമലത ഷാജിഎന്നിവർ പങ്കെടുത്തു.വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുക, പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങൾക്കും പ്രാധാന്യം നൽകുക എന്ന ലക്ഷ്യത്തോടെയാണ് കലോത്സവം സംഘടിപ്പിച്ചത്.

മൂന്നു ദിവസങ്ങളിലായി 26 വേദികളിൽ നാല് വിഭാഗങ്ങളിൽ 140 ഇനങ്ങളിലായാണ് മത്സരം സംഘടിപ്പിച്ചത്. 43 സ്കൂളുകളിൽ നിന്നായി 3200 വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു.

# വിദേശ തൊഴിലവസരം: നോർക്കയും കെഡിസ്ക്കും ധാരണാപത്രം ഒപ്പുവച്ചു

**തിരുവനന്തപുരം:** കേരളത്തിലെ തൊഴിൽ അന്വേഷകർക്ക് വിശ്വസനീയവും ഗുണകരവുമായ വിദേശ തൊഴിൽ അവസരം ലഭ്യമാക്കുന്നതിന് നോർക്ക റൂട്ട്സും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലും(കെഡിസ്ക്) ധാരണാപത്രം ഒപ്പുവച്ചു. വഴുതക്കാട് കെ ഡിസ്ക് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേരിയും കെഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി.വി. ഉണ്ണിക്കൃഷ്ണനും ധാരണാപത്രം കൈമാറി.

കേരള നോളജ് ഇക്കണോമി മിഷന്റെ ഭാഗമായി ദീർഘകാല തൊഴിൽ അവസരം ഉറപ്പാക്കുന്നതിനും തൊഴിലവസരങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നോർക്ക റൂട്ട്സും കെ ഡിസ്കുമായുള്ള സഹകരണം ലക്ഷ്യമിടുന്നു. വ്യാജ വീസ, തൊഴിൽ തട്ടിപ്പുകൾ വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ വിശ്വസനീയമായ തൊഴിൽ അവസരം ഉറപ്പാക്കി മികവുറ്റ ഉദ്യോഗാർഥികളെ വിദേശത്തെ മികച്ച തൊഴിൽ ദാതാക്കൾക്ക് ലഭ്യമാക്കുകയാണ് ഉദ്ദേശ്യം.

കേരളീയർക്ക് നഴ്സിംഗ്, കെയർ ഗിവർ ജോലികളിൽ ജപ്പാനിൽ വലിയ അവസരമുണ്ടെന്നും അതു പ്രയോജനപ്പെടുത്താൻ നമുക്കു സാധിക്കുമെന്നും നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേരി പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ജാപ്പനീസ് ഭാഷ പഠിപ്പിക്കുന്നതിന് ലാംഗ്വേജ് സെന്ററും തൊഴിൽ നൈപുണ്യത്തിനുള്ള സ്കിൽ ടെസ്റ്റ് സെന്ററും സജ്ജമാക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജപ്പാനിലെ തൊഴിൽ സാധ്യത മനസിലാക്കി തമിഴ്നാട്ടിൽ പോളി ടെക്നിക്കുകളിൽ ഉൾപ്പെടെ ജാപ്പനീസ് ഭാഷ പഠിക്കുന്നതിന് അവസരമൊരുക്കിയിട്ടുള്ളതായി കെ ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി.വി. ഉണ്ണിക്കൃഷ്ണൻ പറഞ്ഞു. ജപ്പാൻ, ഫ്രാൻസ്, ജർമ്മനി എന്നിവിടങ്ങളിൽ തൊഴിലവസരങ്ങളുണ്ടെന്നും അതു പ്രയോജനപ്പെടുത്താൻ കേരളത്തിലെ വിദേശ തൊഴിൽ അന്വേഷകർക്ക് ആകണമെന്നും അദ്ദേഹം പറഞ്ഞു.

നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ്, വിജ്ഞാന പത്തനംതിട്ട അസിസ്റ്റന്റ് ജില്ലാ മിഷൻ കോഓർഡിനേറ്റർ അബ്രഹാം വലിയകാലായിൽ, കെഡിസ്ക്ക് സീനിയർ കൺസൾട്ടന്റ് ടി.വി. അനിൽകുമാർ, നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് സെക്ഷൻ ഓഫീസർ ബി. പ്രവീൺ തുടങ്ങിയവർ പങ്കെടുത്തു.

# രാജ്യത്തെ മികച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 21 ശതമാനവും കേരളത്തിൽ: മന്ത്രി

**തിരുവനന്തപുരം:** രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികച്ച സ്ഥാപനങ്ങളിൽ 21 ശതമാനവും കേരളത്തിലെ സ്ഥാപനങ്ങളാണെന്ന് മന്ത്രി .ആർ ബിന്ദു. കേരള സർവ്വകലാശാലക്കും മഹാത്മഗാന്ധി സർവ്വകലാശാലക്കും നാക് അക്രഡിറ്റേഷനിൽ എ പ്ലസ് പ്ലസ് നേടാനായി. കാലടി, കുസാറ്റ് സർവ്വകലാശാലകൾക്ക് എ പ്ലസ് ലഭിച്ചു. കൂടാതെ ദേശീയ അന്തർദേശീയ തലങ്ങളിൽ തിളക്കമാർന്ന നേട്ടങ്ങൾ സ്വന്തമാക്കാനായതായും മന്ത്രി പറഞ്ഞു. ഗവ. സംസ്കൃത കോളേജിൽ പുതുതായി നിർമ്മിച്ച അക്കാദമിക് ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഹബ്ബാക്കി കേരളത്തെ മാറ്റുകയാണ് ലക്ഷ്യം. പ്ലാൻഫണ്ടും കിഫ്ബി, റൂസോ ഫണ്ടുകൾ പ്രയോജനപ്പെടുത്തി രണ്ടായിരം കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനായി. അക്കാദമിക, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളുടെ നിർമ്മാണത്തിനും അത്യാധുനിക ലാബുകളുടേയും ലൈബ്രറികളുടേയും രൂപീകരണത്തിനുമാണ് ഭൂരിഭാഗം തുകയും വിനിയോഗിച്ചത്. അടിസ്ഥാന വികസന സൗകര്യങ്ങളുടെ വിപുലീകരണത്തിനൊപ്പം കാലാനുസൃതമായ ഉള്ളടക്ക പരിഷ്കരണത്തിന്റെ ഫലമായാണ് നാല് വർഷത്തെ ബിരുദ പ്രോഗ്രാമുകൾക്ക് തുടക്കമിടാനായതെന്നും മന്ത്രി പറഞ്ഞു.

വിദ്യാർഥികളെ തൊഴിലിനു സജ്ജമാക്കുന്നതിനു പുറമേ അഭിരുചിയുള്ളവരെ ഗവേഷണത്തിലേക്ക് പ്രോത്സാഹിപ്പിക്കുന്നുണ്ട്. പഠനത്തിൽ മിടുക്കരായ 1000 വിദ്യാർത്ഥികൾക്ക് കഴിഞ്ഞ രണ്ടുവർഷമായി മുഖ്യമന്ത്രിയുടെ പ്രതിഭാ പുരസ്കാരം നൽകിവരുന്നുണ്ട്.

ഒരു ലക്ഷം രൂപയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പും ലഭ്യമാക്കുന്നുണ്ട്. മികവുറ്റ പൂർവ അധ്യാപകരെയും രാജ്യത്തിനകത്തെയും പുറത്തേയും അക്കാദമിക വിദഗ്ധരേയും ഉൾപ്പെടുത്തി പൊതുവേദികൾ സൃഷ്ടിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

സംസ്കൃത കോളേജ് വളപ്പിലെ പൗരസ്ത്യ ഭാഷാ പഠന കേന്ദ്രത്തിന്റെ നവീകരണത്തിന് വകുപ്പിന്റെ ഭാഗത്തു നിന്നും സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യും. പൗരാണികത നിലനിർത്തിയുള്ള പ്രവർത്തനത്തിന് എംഎൽഎയേയും ഉൾപ്പെടുത്തി ഇക്കാര്യത്തിൽ തീരുമാനമെടുക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കേരള സർക്കാർ നടപ്പാക്കിവരുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികളുടെ ഭാഗമായി കിഫ്ബി ഫണ്ടുപയോഗിച്ചാണ് ആറു കോടി രൂപ ചെലവിൽ കൈറ്റിന്റെ മേൽനോട്ടത്തിൽ ബ്ലോക്കിന്റെ നിർമാണം പൂർത്തിയാക്കിയത്.

മൂന്ന് നിലകളുള്ള പുതിയ അക്കാദമിക് ബ്ലോക്കിൽ 12 ക്ലാസ് റൂമുകളും ഒരു ഹാളും പ്രിൻസിപ്പൽ റൂം, ഓഫീസ് റൂം എന്നിവയാണ് സജ്ജീകരിച്ചിരിക്കുന്നത്. സർക്കാരിന്റെ നാലാം നൂറുദിന പരിപാടിയുടെ ഭാഗമായാണ് നിർമാണം പൂർത്തീകരിച്ചത്.

അഡ്വ. ആന്റണി രാജു എംഎൽഎ അദ്ധ്യക്ഷനായ ചടങ്ങിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സുധീർ കെ, അഡീഷണൽ ഡയറക്ടർ ഡോ.സുനിൽ ജോൺ ജെ, വാർഡ് കൺസിലർ പാളയം രാജൻ, ജനറൽ കൺവീനർ എഎസ് വിവേകാനന്ദൻ, സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ഡോ.കെ റഹീം, കോളേജ് പ്രിൻസിപ്പൽ ഡോ.അമല വികെ , യൂണിയൻ ചെയർപേഴ്സൺ എബി ജോസ്, പിടിഎ വൈസ് പ്രസിഡന്റ് ദിനേശ് കുമാർ, പൂർവ വിദ്യാർഥി സംഘടനാ സെക്രട്ടറി അഡ്വ. അരുൺ എസ് തുടങ്ങിയവർ സംബന്ധിച്ചു.



**ഓവറോൾ പെർഫോമെൻസിനുള്ള അഭിനന്ദന പത്രം ജില്ലാ പോലീസ് മേധാവി ഡോ വൈഭവ് സക്സേന ഞാറക്കൻ ഇൻസ്പെക്ടർ സുനിൽ തോമസിന് നൽകുന്നു.**

# പോലീസുദ്യോഗസ്ഥരെ ആദരിച്ചു

**ആലുവ:** റൂറൽ, ജില്ലയിലെ മികച്ച സേവനത്തിന് ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേന ഏഴ് പോലീസുദ്യോഗസ്ഥരെ അഭിനന്ദന പത്രം നൽകി ആദരിച്ചു. ഓവറോൾ പെർഫോമെൻസിന് സുനിൽ തോമസ് (ഇൻസ്പെക്ടർ ഞാറയ്ക്കൽ), മൂവാറ്റുപുഴയിലെ അതിഥിത്തൊഴിലാളി യുടെ കൊലപാതകക്കേസ് അന്വേഷിച്ച് പ്രതിയെ അറസ്റ്റ് ചെയ്ത ബേസിൽ തോമസ് (ഇൻസ്പെക്ടർ മൂവാറ്റുപുഴ), മയക്ക് മരുന്ന്, ഓൺലൈൻ തട്ടിപ്പ് കേസുകളിലെ പ്രതികളെ പിടികൂടിയ എ എൽ അഭിലാഷ് (തടിയിട്ട പറമ്പ് ഇൻസ്പെക്ടർ ), സ്വർണ്ണക്കവർച്ച കേസിലെ അന്വേഷണത്തിന് ബിജു ജോൺ (അസി. സബ് ഇൻസ്പെക്ടർ പുത്തൻകുരിശ്), കോലഞ്ചേരിയിൽ നിന്ന് കാണാതായ പ്രായ പൂർത്തിയാകാത്ത പെൺകുട്ടിയെ ആന്ധ്രയിലെ വിജയവാഡയിൽ കണ്ടെത്തിയ കേസിന്റെ അന്വേഷണത്തിന് ജി.ശശീധരൻ (സബ് ഇൻസ്പെക്ടർ പുത്തൻകുരിശ്), മയക്കുമരുന്ന് പിടികൂടിയ കേസിൽ പി.എ അബ്ദുൾ മനാഫ് (അസി. സബ് ഇൻസ്പെക്ടർ പെരുമ്പാവൂർ), അരുൺ കെ.കരുൺ (സിവിൽ പോലീസ് ഓഫീസർ തടിയിട്ട പറമ്പ്) എന്നിവരാണ് അഭിനന്ദ പത്രത്തിന് അർഹരായത്.

ജില്ലാ പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ എസ്.പി അഭിനന്ദന പത്രം വിതരണം ചെയ്തു.

# മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി കൂടിക്കാഴ്ച നടത്തി

**തിരുവനന്തപുരം** മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി റെയിൽ ഭവനിൽ കൂടിക്കാഴ്ച നടത്തി. അങ്കമാലി എരുമേലി ശബരി റെയിൽ പാത പദ്ധതി, സിൽവർലൈൻ പദ്ധതിയുടെ അംഗീകാരം, കേരളത്തിലെ റെയിൽ പാതകളുടെ എണ്ണം 3, 4 വരിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളാണ് കൂടിക്കാഴ്ചയിൽ പ്രധാനമായും ചർച്ച ചെയ്തത്. ഇക്കാര്യങ്ങൾ ഉദ്യോഗസ്ഥതല ചർച്ച നടത്തി അന്തിമ തീരുമാനം എടുക്കുമെന്ന് കേന്ദ്രമന്ത്രി മുഖ്യമന്ത്രിക്ക് ഉറപ്പുനൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി മുഖ്യമന്ത്രി ഓഗസ്റ്റിൽ നടത്തിയ ചർച്ചയുടെ തുടർച്ചയായാണ് കേന്ദ്ര റെയിൽവേ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്. സംസ്ഥാന കായിക റെയിൽവേ വകുപ്പ് മന്ത്രി വി അബ്ദു റഹ്മാനും കൂടിക്കാഴ്ചയിൽ പങ്കെടുത്തു. ചർച്ച വളരെ അനുകൂലമായിരുന്നുവെന്നും റെയിൽ പാത വികസനമായി ബന്ധപ്പെട്ട് കേരളം ആവശ്യപ്പെട്ട മറ്റുകാര്യങ്ങളിൽ അനുകൂല നടപടി സ്വീകരിക്കാമെന്നും കേന്ദ്രമന്ത്രി അറിയിച്ചതായി മന്ത്രി അബ്ദുറഹ്മാൻ പറഞ്ഞു.

# സംസ്ഥാനത്തിന്റെ തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെ അംഗീകാരം

**തിരുവനന്തപുരം** സംസ്ഥാനത്തെ കടൽ, കായൽ തീരങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണ പരിധിയിൽ ഇളവുകൾ ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച തീരദേശ പരിപാലന പ്ലാനിന് കേന്ദ്രസർക്കാർ അംഗീകാരം നൽകി. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ് അനുമതി നൽകിയത്. സംസ്ഥാനത്തെ പത്ത് തീരദേശ ജില്ലകളിലെ പത്തുലക്ഷത്തോളം ജനങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ തീരമേഖലയ്ക്കാണ് ഇതിന്റെ ഗുണഫലം.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് കടുത്ത നിയന്ത്രണമുണ്ടായിരുന്ന 66 പഞ്ചായത്തുകളിൽ ഇളവ് നേടിയെടുക്കാൻ ഇതിലൂടെ കഴിഞ്ഞിരിക്കുകയാണ്. ഇതുകൂടാതെ നഗരസ്വഭാവമുള്ള 109 പഞ്ചായത്തുകൾക്ക് കൂടി ഈ ആനുകൂല്യം ലഭ്യമാക്കണമെന്ന് കേരളം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തീരദേശപരിപാലന നിയമത്തിൽ കൂടുതൽ ഇളവ് അനുവദിക്കുന്നതിനുള്ള വിജ്ഞാപനം 2019ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഇളവുകൾ പൂർണ്ണമായും സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനെക്കുറിച്ച് വിശദമായി പഠിക്കാൻ മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരുമായി നിരന്തരമായി വിശദമായ ചർച്ചകൾ നടത്തിയാണ് കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയത്.

കരട് പ്ലാനിന്റെ ആനുകൂല്യം പൂർണ്ണമായി ലഭിക്കുവാൻ 10 തീരദേശ ജില്ലകളിൽ പൊതുജനാഭിപ്രായം കൂടി തേടിയിരുന്നു. ഇതിൽ ലഭിച്ച 33,000ത്തോളം പരാതികളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് കരട് പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ചെന്നൈയിലെ നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന് കൈമാറിയിരുന്നു. പ്രസ്തുത സ്ഥാപനം നിർദ്ദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തിയ കരട് തീരദേശ പരിപാലന പ്ലാൻ മന്ത്രിസഭയുടെ അംഗീകാരത്തോടെയാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്. പഞ്ചായത്തുകളുടെ സോൺ മാറ്റം ഉൾപ്പെടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ മിക്കതും അംഗീകരിപ്പിക്കാൻ കഴിഞ്ഞുവെന്നത് പ്രധാന നേട്ടമാണ്.

സംസ്ഥാന സർക്കാരിന്റെ നിലപാടിനുള്ള അംഗീകാരമായി 2011 സെൻസസിന്റെ അടിസ്ഥാനത്തിൽ നഗരസ്വഭാവമുണ്ടെന്ന് കണ്ടെത്തിയ 66 തീരദേശ പഞ്ചായത്തുകളെ 2019ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരം കടുത്ത നിയന്ത്രണമുണ്ടായിരുന്ന സോൺകകകൽ നിന്നും സോൺകക ലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽ കൂടുതലോ ജന സാന്ദ്രതയുള്ള പഞ്ചായത്തുകളെ, പുതുതായി 2019ലെ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുത്തിയ ഇഞ്ചദ കകക അ എന്ന വിഭാഗ ത്തിലും, അതിൽ കുറഞ്ഞ ജനസാന്ദ്രതയുള്ള പ്രദേശങ്ങളെ ഇഞ്ചദ കകക ആ വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.വികസന നിഷിദ്ധ മേഖല നിലവിലുള്ള 200 മീറ്ററിൽ നിന്ന് 50 മീറ്ററായി കുറച്ചു. കേരളത്തിലെ 31 പഞ്ചായത്തുകളെ കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 20 പഞ്ചായത്തുകൾ കാറ്റഗറിയിലേക്ക് മാറിയിട്ടുണ്ട്. ആയതിനാൽ നിലവിൽ 11 പഞ്ചായത്തുകളാണ് കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുള്ളത്.ഉൾനാടൻ ജലാശയങ്ങളുടെ വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂരപരിധി 100 മീറ്ററിൽ നിന്ന് 50 മീറ്റർ വരെയായി കുറയ്ക്കുകയും പ്രസ്തുത 50 മീറ്റർ വരേയോ ജലാശയത്തിന്റെ വീതിയോ ഏതാണോ കുറവ് അതുമാത്രം വികസന നിഷിദ്ധ മേഖലയായി മാറ്റുകയും ചെയ്തിട്ടുണ്ട്.

# ജലവൈദ്യുത പദ്ധതികൾക്ക് കെഎസ്ഇബി കേന്ദ്രസഹായം തേടും

**തിരുവനന്തപുരം:** ജലവൈദ്യുത പദ്ധതികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനു കൂടി ധനസഹായം ലഭ്യമാക്കുന്നവിധം കേന്ദ്രം വ്യവസ്ഥകൾ ലഘൂകരിച്ചതോടെ ജലവൈദ്യുത പദ്ധതികൾക്കു സഹായം തേടാനൊരുങ്ങി കെഎസ്ഇബി.

നിർമാണം തുടങ്ങിയ മാങ്കുളം ജലവൈദ്യുത പദ്ധതിക്കു ധനസഹായത്തിനായി കേന്ദ്രത്തെ സമീപിച്ചു. മറ്റുള്ള പദ്ധതികൾ വിവിധ അനുമതികൾ നേടി നിർമാണ കരാറിൽ ഏർപ്പെട്ട ശേഷമേ അപേക്ഷിക്കാനാകൂ. 2028 ജൂൺ 30 നു മുൻപ് പ്രധാനഘട്ടത്തിന്റെ നിർമാണ കരാറിലെത്തുന്ന പദ്ധതികൾക്കാണ് കേന്ദ്ര ധനസഹായം ലഭിക്കുക.

കുറഞ്ഞത് 25 മെഗാവാട്ട് ഉൽപാദന ശേഷിയുള്ള പദ്ധതികൾക്കാണ് ഒരു മെഗാവാട്ടിന് ഒരു കോടി രൂപ നിരക്കിൽ കേന്ദ്രം സഹായം നൽകുക. 200 മെഗാവാട്ടിനു മുകളിൽ ശേഷിയുള്ള പദ്ധതികൾക്ക് 200 മെഗാവാട്ട് വരെ 200 കോടി രൂപയും തുടർന്നുള്ള ഓരോ മെഗാവാട്ടിനും 75 ലക്ഷം രൂപയുമാണ് ലഭിക്കുക.

ചില പ്രത്യേകഘട്ടങ്ങളിൽ നിബന്ധനകൾക്കു വിധേയമായി മെഗാവാട്ടിന് 1.5 കോടി രൂപ വരെ ധനസഹായം ലഭിക്കും.

മാങ്കുളം പദ്ധതിയുടെ ആദ്യഘട്ടത്തിന് 40 മെഗാവാട്ട് ശേഷിയുണ്ട്. 600 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയിൽ കേന്ദ്രസഹായമായി 40 കോടി രൂപ ലഭിക്കും. 800 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി ഗോൾഡൻ ജൂബിലി പദ്ധതിയാണ് മറ്റൊന്ന്. ആകെ 5600 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതിക്ക് ഏകദേശം 650 കോടി രൂപയുടെ കേന്ദ്ര ധനസഹായം ലഭിക്കുമെന്നാണ് പ്രതീക്ഷ.

കെഎസ്ഇബിയുടെ പരിഗണനയിലുള്ള മുതിരപ്പുഴ (100 മെഗാവാട്ട്), മഞ്ഞപ്പാറ (30 മെഗാവാട്ട്) പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്കും കേന്ദ്ര ധനസഹായം പ്രതീക്ഷിക്കുന്നുണ്ട്. 2 പദ്ധതികൾക്കുമായി ഏകദേശം 753 കോടി രൂപയാണ് ചെലവ് .

നിശ്ചിത സമയത്തിനുള്ളിൽ കരാർ ഉറപ്പിച്ചു നിർമാണം തുടങ്ങാനായാൽ കേന്ദ്ര സഹായമായി ഏകദേശം 130 കോടി രൂപ ലഭിക്കും. വൈദ്യുതി ഉൽപാദിപ്പിച്ച ശേഷമുള്ള വെള്ളം സൗരവൈദ്യുതി ഉപയോഗിച്ച് പമ്പ് ചെയ്ത് റിസർവോയറിൽ എത്തിച്ച ശേഷം വീണ്ടും വൈദ്യുതി ഉൽപാദിപ്പിക്കുന്നതാണ് പമ്പ്ഡ് സ്റ്റോറേജ് പദ്ധതി.



# കടൽ, കായൽ തീരത്തെ നിർമാണം: തീരദേശ പ്ലാനിന് കേന്ദ്ര അംഗീകാരം, 10 ലക്ഷം പേർക്ക് നേട്ടം

**തിരുവനന്തപുരം:** സംസ്ഥാനത്തെ കടൽ, കായൽ തീരങ്ങളിലെ നിർമാണങ്ങൾക്കുള്ള നിയന്ത്രണ പരിധിയിൽ ഇളവുകൾ ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച തീരദേശ പരിപാലന പ്ലാനിന് കേന്ദ്രത്തിന്റെ അംഗീകാരം. 10 തീരദേശ ജില്ലകളിലെ 10 ലക്ഷത്തോളം ജനങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ തീരമേഖലയ്ക്കാണ് ഗുണഫലം.

നിർമാണങ്ങൾക്ക് കടുത്ത നിയന്ത്രണമുണ്ടായിരുന്ന 66 പഞ്ചായത്തുകളിൽ ഇളവ് നേടിയെടുക്കാൻ ഇതിലൂടെ കഴിഞ്ഞു. നഗരസ്വഭാവമുള്ള 109 പഞ്ചായത്തുകൾക്ക് കൂടി ഈ ആനുകൂല്യം ലഭ്യമാക്കണമെന്ന് കേരളം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തീരദേശ പരിപാലന നിയമത്തിൽ കൂടുതൽ ഇളവ് അനുവദിക്കുന്നതിനുള്ള വിജ്ഞാപനം 2019ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഇളവുകൾ പൂർണമായും സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനെക്കുറിച്ച് വിശദമായി പഠിക്കാൻ മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചു.

സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരുമായി നിരന്തരമായി വിശദമായ ചർച്ചകൾ നടത്തിയാണ് കരട് തീരദേശ പരിപാലന പ്ലാൻ തയാറാക്കിയത്. കരട് പ്ലാനിന്റെ ആനുകൂല്യം പൂർണമായി ലഭിക്കാൻ 10 തീരദേശ ജില്ലകളിൽ പൊതുജനാഭിപ്രായം തേടിയിരുന്നു. പഞ്ചായത്തുകളുടെ സോൺ മാറ്റം ഉൾപ്പെടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ മിക്കതും അംഗീകരിപ്പിക്കാനായത് പ്രധാന നേട്ടമാണ്.

സിആർഇസെഡ് മൂന്ന് എയിലെ വികസന നിഷിദ്ധ മേഖല നിലവിലുള്ള 200 മീറ്ററിൽനിന്ന് 50 മീറ്ററായി കുറച്ചിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളുടെ വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂരപരിധി 100 മീറ്ററിൽനിന്ന് 50 മീറ്റർ വരെയായി കുറച്ചു. 50 മീറ്റർ വരെയോ ജലാശയത്തിന്റെ വീതിയോ ഏതാണോ കുറവ് അതുമാത്രം വികസന നിഷിദ്ധ മേഖലയായി മാറ്റി. തുറമുഖത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ വികസനരഹിത മേഖല ബാധകമല്ല.

കേന്ദ്രസർക്കാരിന്റെ ഇതുസംബന്ധിച്ച വിജ്ഞാപനം പൂർണമായും പ്രാബല്യത്തിൽ വരുന്നതോടെ 300 ചതുരശ്രമീറ്റർ വരെയുള്ള വീടുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നു നേരിട്ട് നിർമാണാനുമതി നേടാനാകും.

പൊക്കാളി, കൈപ്പാട് കൃഷിപ്പാടങ്ങളിൽ 1991ന് മുൻപുള്ള ബണ്ട് വേലിയേറ്റ രേഖയായി കണക്കാക്കി തീരദേശ നിയമ നിയന്ത്രണങ്ങൾ വേലിയേറ്റ രേഖ വരെയാക്കി ചുരുക്കി. ഈ നടപടി ആയിരക്കണക്കിന് കൃഷിക്കാർക്ക് നേട്ടമാകും. സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾക്ക് ബഫർസോൺ പൂർണമായും ഒഴിവാക്കി.

# പുഞ്ചക്കൃഷിത്തിരക്കിലേക്ക് പാടശേഖരങ്ങൾ; ആദ്യഘട്ടത്തിൽ 7 ബ്ലോക്കുകളിലെ 13,000 ഹെക്ടറിൽ കൃഷിയിറക്കും



**കുമരകം:** പുഞ്ചക്കൃഷിത്തിരക്കിലേക്ക് ജില്ലയിലെ പാടശേഖരങ്ങൾ. പമ്പിങ് ലേലം പൂർത്തിയായതോടെ പാടശേഖരത്തിലെ വെള്ളംവറ്റിക്കലിലും തുടർജോലികളിലുമാണ് കർഷകർ. കരപ്പാടങ്ങളിൽ വെള്ളം വറ്റി. ഇവിടങ്ങളിൽ വിത ഒരുക്കം പുരോഗമിക്കുന്നു. ഏറ്റുമാനൂർ, കോട്ടയം, വൈക്കം, കടുത്തുരുത്തി, മാടപ്പള്ളി, ഉഴവൂർ, പാമ്പാടി ബ്ലോക്കുകളിലായി ആദ്യഘട്ടം 13,000 ഹെക്ടറിലാണു കൃഷി. വിരിപ്പുകൃഷി കഴിഞ്ഞ കർഷകർ പുഞ്ചക്കൃഷിയിലേക്ക് കൂടി എത്തുന്നതോടെ ഇനിയും കൃഷിയിടം കൂടും. മൊത്തം 17,000 ഹെക്ടർ വരുമെന്നാണു കണക്ക്. വെള്ളം വറ്റിച്ച പാടശേഖരങ്ങളിൽ ട്രാക്ടറും ടില്ലറും ഇറക്കി ഉഴവു നടക്കുന്നു. തുടർന്നു പാടം ഉണക്കി കളകൾ കിളിർപ്പിക്കും. പിന്നീട് വെള്ളം കയറ്റി കളകൾ നശിപ്പിക്കും. കള നശിപ്പിക്കാൻ കയറ്റിയ വെള്ളം വറ്റിച്ചാണു വിതയൊരുക്കം. തൊഴിലാളികൾ പാടം നിരപ്പാക്കിയിടും. തുടർന്നു പാടത്തെ ചെളി മൂടത്തക്കവിധം വെള്ളം കയറ്റി വിത നടത്തും. 120 ദിവസം കൊണ്ടു വിളവെടുപ്പിനു പാകമാകും.

ഉമ നെൽവിത്താണു ഭൂരിഭാഗം കർഷകരും വിതയ്ക്കുന്നത്. നാഷനൽ സീഡ്സ് കോർപറേഷനിൽനിന്നുള്ള നെൽവിത്തിനു സഹകരണ ബാങ്കുകൾ, പാടശേഖര സമിതികൾ വഴി പണം അടച്ച് കാത്തിരിക്കുകയാണ് കർഷകർ. കുമരകത്ത് കൃഷിവകുപ്പിന്റെ സബ്സിഡിയോടെയാണു നെൽവിത്തു നൽകുന്നത്. വിത്തിന്റെ പകുതി സബ്സിഡി നൽകും. കിലോയ്ക്ക് 45 രൂപയാണു വിത്തുവില.ഇതിന്റെ പകുതി 22.50 അടച്ചാണു കർഷകർ ബുക്ക് ചെയ്തത്. പാടശേഖര സമിതികളുടെ ആവശ്യത്തെത്തുടർന്നു വിത്തു ബുക്കിങ് തീയതി നീട്ടി. മറ്റു കൃഷിഭവനുകളും കർഷകർക്കു സബ്സിഡിയോടെ വിത്തു നൽകുന്നുണ്ട്.

ജില്ലയിലെ ഏറ്റവും വലിയ പാടശേഖരമായ 1,800 ഏക്കർ വരുന്ന ജെ ബ്ലോക്ക് 9000ൽ ഇത്തവണ നേരത്തേ വിത നടത്തും. കഴിഞ്ഞ വർഷം വിത വൈകുകയും ഉഷ്ണതരംഗം മൂലം കൃഷി നശിക്കുകയും ചെയ്തിരുന്നു.അതിനാൽ ഈ വർഷം തുലാം 10നുള്ളിൽ കരപ്പാടത്തും 20ന് ഉള്ളിൽ കായൽപ്പാടത്തും വിത നടത്താനാണു നീക്കം. കഴിഞ്ഞ വർഷം ജില്ലയിലെ മറ്റു പാടശേഖരങ്ങളിൽ ഉഷ്ണതരംഗം മൂലം കൃഷി നശിച്ചിരുന്നു.

# ഡിജിറ്റൽ വിപ്ലവത്തിൽ കേരളം മുന്നേറണം: നിർമലാസീതാരാമൻ

**കൊച്ചി:** വിജ്ഞാന സമ്പദ് വ്യവസ്ഥയ്ക്ക് ചേർന്ന നൈപുണ്യമുള്ള യുവതീയുവാക്കൾ ഒട്ടേറെയുള്ള കേരളത്തിൽ അത്തരം അവസരങ്ങൾ ഉപയോഗിച്ച് മുന്നേറുകയാണു വേണ്ടെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. അതിനു പകരം ട്രേഡ് യൂണിയനിസവും നോക്കുകൂലിയും പോലെ അറുപതുകളിലെ പഴഞ്ചൻ പ്രവണതകളും കൊണ്ടിരിക്കുന്നതു കേരളം നിർത്തണമെന്നും അവർ ആവശ്യപ്പെട്ടു.കെ.വി.തോമസ് വിദ്യാധനം ട്രസ്റ്റ് സംഘടിപ്പിക്കുന്ന 'മീറ്റ് ദ് ഗ്രേറ്റ് ലീഡേഴ്സ്' പരമ്പരയിൽ സെന്റ് തെരേസാസ് കോളജിലെ വിദ്യാർഥികളോടു സംവദിക്കുകയായിരുന്നു നിർമല സീതാരാമൻ. മലയാളികൾക്ക് ബുദ്ധിയും ശക്തിയും ഉപയോഗിച്ച് ഗൾഫ് രാജ്യങ്ങളിൽ വൻ വിജയമാകാമെങ്കിൽ അതു കേരളത്തിലിരുന്നു തന്നെ ആവർത്തിക്കാം.

നിർമിത ബുദ്ധിയും ഇന്റർനെറ്റും മെഷീൻ ലേണിങ്ങുമെല്ലാം ചേർന്ന നാലാം വ്യവസായ വിപ്ലവമാണ് ലോകത്ത് നടക്കുന്നത്. കേരളത്തിന് അതിവേഗം അതിന്റെ നേതൃനിരയിൽ വരാൻ കഴിയും.

വനിതാ ശാക്തീകരണത്തിന് സെന്റ് തെരേസാസ് കോളജ് തയാറാക്കിയ സ്ലേറ്റ് നയരേഖ പ്രകാശനം ചെയ്തു. കേന്ദ്രത്തിൽ കേരളത്തിന്റെ പ്രത്യേക പ്രതിനിധി പ്രഫ കെ.വി.തോമസ്, സെന്റ് തെരേസാസ് കോളജ് മാനേജർ സിസ്റ്റർ ഡോ.വിനിത, സിസ്റ്റർ ഡോ.സുനിത എന്നിവർ പ്രസംഗിച്ചു.

# സ്നേഹവും പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാകണം പ്രീസ്കൂളുകൾ: മന്ത്രി ശിവൻകുട്ടി

**തിരുവനന്തപുരം:**സ്നേഹവും പരിരക്ഷയും പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങളായിട്ടാണ് പ്രീസ്കൂളുകൾ പ്രവർത്തിക്കേണ്ടതെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. സ്കോൾ കേരള ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എജ്യുക്കേഷൻ കേരളയുടെ നേതൃത്വത്തിൽ പ്രീസ്കൂൾ മേഖലയിൽ ശാസ്ത്രീയ പരിശീലനം നേടിയ ആയമാരെ വാർത്തെടുക്കുന്നതിനായാണ് ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് എന്ന പുതിയ കോഴ്സ് ആരംഭിക്കുന്നത്.

സംസ്ഥാന സർക്കാറിൻറെ നാലാം നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായാണ് ഈ കോഴ്സ് ആരംഭിക്കുന്നത്. ശൈശവകാല പരിചരണവും വികാസവും മുൻനിർത്തി ശാസ്ത്രീയമായ പ്രീസ്കൂൾ എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ നേതൃത്വം നൽകിവരികയാണ്. അതുകൊണ്ടുതന്നെ പ്രീസ്കൂൾ സ്ഥാപനത്തിലെ എല്ലാ ജീവനക്കാരും ശിശുവികാസത്തിന്റെയും പരിപാലനത്തിന്റെയും അടിസ്ഥാന ഘടകങ്ങളെക്കുറിച്ച് അറിവുള്ളവരാകണം.

സമൂഹത്തിലെ വിഭവങ്ങളെ കുട്ടികൾക്ക് വേണ്ടി ഏകോപിപ്പിക്കാനും കുട്ടികളുടെ അവകാശങ്ങളെ സ്നേഹത്തിന്റെ ഭാഷയിലൂടെ വ്യാഖ്യാനിക്കാനും അതിനനുസൃതമായി പെരുമാറുവാനും കഴിവുള്ളവരാകണം. സ്കൂൾ വിദ്യാഭ്യാസത്തിൻറെ അടിസ്ഥാന തലമായി പരിഗണിക്കുന്നത് 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ പഠിക്കുന്ന പ്രീസ്കൂൾ / അങ്കണവാടികളെയാണ്. അധ്യാപികമാരും ആയമാരും ഉൾപ്പെടുന്ന ജീവനക്കാരാണ് പ്രീസ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

സവിശേഷമായ സേവന പൂർവ്വകാല പരിശീലനം ലഭിച്ച അധ്യാപികമാരാണ് പ്രീസ്കൂൾ സ്ഥാപനങ്ങളിൽ സേവനം നൽകുന്നത്. എന്നാൽ പ്രീസ്കൂൾ കുട്ടികളുടെ ആരോഗ്യ ശുചിത്വ കാര്യങ്ങൾ, പരിചരണം, സംരക്ഷണം, വികാസം എന്നിവയ്ക്കായി പൂർണസമയവും അധ്യാപകരോടൊപ്പം ചെലവിടുന്ന ആയമാർക്കായി ദേശീയ തലത്തിലും സംസ്ഥാനതലത്തിലും പ്രത്യേക സേവന പൂർവ്വകാല പരിശീലന സംവിധാനങ്ങൾ നിലവിലില്ല. സംസ്ഥാനത്തെ പ്രീസ്കൂൾ വിദ്യാഭ്യാസ മേഖല കൂടുതൽ സർഗ്ഗാത്മകമാകാൻ പരിശീലനം സിദ്ധിച്ച ആയമാരും അനിവാര്യമാണെന്ന് ഇത് സംബന്ധിച്ച പഠനങ്ങൾ നിർദ്ദേശിക്കുന്നു. ഇവയെല്ലാം പരിഗണിച്ചുകൊണ്ടാണ് ശിശു പരിപാലക തസ്തികയിൽ സേവനം നൽകുന്നതിനുള്ള അടിസ്ഥാന യോഗ്യത നിശ്ചയിച്ച് ഒരു പുതിയ ഡിപ്ലോമാ കോഴ്സ് സ്കോൾകേരളയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നത്. പ്രീസ്കൂൾ ആയമാർക്ക് തൊഴിൽപരമായ ശേഷികളും ധാരണകളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിനായി രൂപകല്പന ചെയ്യുന്ന ഈ കോഴ്സ് ഡിപ്ലോമാ ഇൻ ചൈൽഡ്കയർ ആൻറ് പ്രീസ്കൂൾ മാനേജ്മെന്റ് എന്ന് അറിയപ്പെടുന്നു.

കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന ഒരു വ്യക്തിക്ക് ശിശുപരിപാലക തസ്തികയിൽ സേവനം നൽകുന്നതിനുള്ള സമഗ്രമായ അനുഭവങ്ങൾ ഈ കോഴ്സിലൂടെ ലഭിക്കും. കുട്ടികളുടെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ടും അവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കി നൽകിയും അവരെ പരിചരിച്ചും ഭക്ഷണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ശ്രദ്ധ പുലർത്തിയും സേവനം നൽകുന്നവരാണ് ആയമാർ.

പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് അനിവാര്യമായ മികച്ച സേവന ദാതാക്കളായ ശിശുപരിപാലകരെ രൂപപ്പെടുത്തുക എന്നത് പൊതുസമൂഹത്തിന്റെ ആവശ്യം കൂടിയാണ്. നമ്മുടെ പൊതുവിദ്യാഭ്യാസ മേഖല രാജ്യത്തിനാകെ മാതൃകയാണ്. അടിസ്ഥാന സൗകര്യവികസനത്തിലും അക്കാദമിക പ്രവർത്തനങ്ങളിലും നാം ഒന്നാം സ്ഥാനത്താണ്.

സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണവും അതിനനുസൃതമായ പാഠപുസ്തകങ്ങളും കേരളം തയ്യാറാക്കിക്കഴിഞ്ഞു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ക്ലാസ്സ്റൂമുകളും കേരളത്തിൻറെ മാത്രം പ്രത്യേകതയാണ്. ഗുണമേൻമ ഉറപ്പാക്കി ദേശീയ, അന്തർദേശീയ തലത്തിലുള്ള പരീക്ഷകൾക്ക് വിദ്യാർഥികളെ പ്രാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നാം ആരംഭിച്ചുകഴിഞ്ഞു.

സർക്കാർ ഏറ്റവുമധികം പ്രാമുഖ്യം നൽകുന്ന മേഖലയാണ് പ്രീസ്കൂൾ തലം. പൊതുവിദ്യാഭ്യാസവകുപ്പ് ഒട്ടേറെ കർമ്മ പദ്ധതികൾ ഇക്കാലയളവിൽ നടപ്പാക്കിയിട്ടുമുണ്ട്.

സമഗ്രശിക്ഷ കേരളം ഏറ്റെടുത്ത് നടപ്പാക്കുന്ന വർണ്ണക്കൂടാരം പദ്ധതിയും ഇതിനോടകം ശ്രദ്ധേയമായിട്ടുണ്ട്. പ്രീസ്കൂൾ അധ്യാപകർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം എല്ലാ വർഷവും നൽകി വരുന്നുണ്ട്.

ഈ രംഗത്ത് പ്രവർത്തിക്കുന്ന ആയമാർക്കും ശാസ്ത്രീയമായി പരിശീലനം ലഭ്യമാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. സ്കോൾകേരള ആരംഭിക്കുന്ന പുതിയ കോഴ്സ് നിലവിൽ സേവനമനുഷ്ഠിക്കുന്ന ആയമാർക്കും ഈ രംഗത്തേക്ക് വരാൻ ആഗ്രഹിക്കുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുത്താവുന്നതാണ്. ശിശുപരിപാലക മേഖല കൂടുതൽ കരുത്തുറ്റതാക്കാൻ എല്ലാവരും ഈ കോഴ്സ് പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നതായും മന്ത്രി പറഞ്ഞു.

മോഡ്യൂൾ, കൈപ്പുസ്തക പ്രകാശനം ചടങ്ങിൽ മന്ത്രി നിർവഹിച്ചു. ആൻറണി രാജു എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ് സ്വാഗതമാശംസിച്ചു.

സ്കോൾകേരള വൈസ് ചെയർമാൻ ഡോ. പി പ്രമോദ് പദ്ധതി വിശദീകരണം നടത്തി. വാർഡ് കൗൺസിലർ പാളയം രാജൻ, സമഗ്രശിക്ഷ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ. സുപ്രിയ എ. ആർ, എസ് സി ഇ ആർ ടി ഡയറക്ടർ ഡോ.ആർ കെ ജയപ്രകാശ്,സാക്ഷരത മിഷൻ ഡയറക്ടർ എ ജി ഒലീന, എസ് ഐ ഇ ടി ഡയറക്ടർ ബി അബുരാജ്, വിദ്യാകിരണം പദ്ധതി അസി. കോഡിനേറ്റർ ഡോ.സി രാമകൃഷ്ണൻ, സ്കോൾകേരള ഡയറക്ടർ അഞ്ജന എം.എസ്, സ്കോൾകേരള ഡയറക്ടർ ഹാന്റ ഡി. ആർ എന്നിവർ സംബന്ധിച്ചു.

## കെൽട്രോണിന്റെ നയതന്ത്ര പ്രധാന പ്രതിരോധ ഉൽപ്പന്ന കൈമാറ്റം ഇന്ന്

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ നാലാം നൂറ് ദിന കർമ്മ പരിപാടികളുടെ ഭാഗമായി കെൽട്രോൺ വിജയകരമായി പൂർത്തിയാക്കിയ തന്ത്ര പ്രധാന പ്രതിരോധ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഇന്ന് വ്യവസായ മന്ത്രി പി രാജീവിന്റെ സാന്നിധ്യത്തിൽ കൈമാറും. ഉച്ചയ്ക്ക് 2:30 നു കൊച്ചിയിൽ മൺസൂൺ എംപ്രസ്സ് ഹോട്ടലിലാണ് പരിപാടി. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, എൻപിഒഎൽ, ഹിന്ദുസ്ഥാൻ ഷിപ്പിയാർഡ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾക്കാണ് കൈമാറ്റം. അതോടൊപ്പം പ്രതിരോധ മേഖലയിലെ മൂന്ന് പ്രധാന ഓർഡറുകൾ കെൽട്രോണിന് നൽകുന്നുമുണ്ട്.ഉമ തോമസ് എംഎൽഎ അധ്യക്ഷത വഹിക്കും. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് ഐഎഎസ്, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂലാ തോമസ് ഐഎഎസ്, എൻപിഒഎൽ ഡയറക്ടർ ഡോ ഡി സേഷാഗിരി, എൻ എസ് ടി എൽ ഡയറക്ടർ ഡോ എബ്രഹാം വറുഗീസ്, ഭാരത് ഇലക്ട്രോണിക്സ് നേവൽ സിസ്റ്റംസ് ഹെഡ് കെ കുമാർ, ഭാരത് ഡൈനാമിക്സ് സിഎംഡി മാധവ് റാവു,റികൈസ് മറൈൻ ഫൗണ്ടർ മൈത്രി മക,ഡയറക്ടറേറ്റ് ഓഫ് നേവൽഡിസൈൻ അമിത് റെ,എച്ച് എസ് എൽ വെപ്പൺസ് ഹെഡ് ചാവ വിജയ കുമാർ, ബി പി ടി ചെയർമാൻ കെ അജിത് കുമാർ, കെൽട്രോൺ ചെയർമാൻ എൻ നാരായണമൂർത്തി, കെൽട്രോൺ മാനേജിംഗ് ഡയറക്ടർ ശ്രീകുമാർ നായർ, ടെക്നിക്കൽ ഡയറക്ടർ വിജയൻ പിള്ള, എക്സിക്യൂട്ടീവ് ഡയറക്ടർ എസ് ഹേമചന്ദ്രൻ, കെൽട്രോൺ എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി ആർ സുനിൽ , കെൽട്രോൺ എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി എസ് മധുകുമാർ എന്നിവർ പങ്കെടുക്കും.

## ലോക ബാങ്ക് സംഘം മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി

**തിരുവനന്തപുരം:** സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേരളാ ഖരമാലിന്യ പരിപാലന പദ്ധതിയുടെ പുരോഗതി വിലയിരുത്തി ലോകബാങ്ക് സംഘം. ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം ബി രാജേഷുമായി സെക്രട്ടേറിയറ്റിലെ മന്ത്രിയുടെ ചേംബറിൽ നടന്ന കൂടിക്കാഴ്ചയിൽ വിശദമായ ചർച്ച നടത്തി. ലോകബാങ്കിന്റെ പൊതുവായ മാനദണ്ഡങ്ങൾ പ്രകാരമാണ് കെ എസ് ഡബ്ല്യൂ എം പി യുടെ പ്രവർത്തനം നിലവിൽ പുരോഗമിക്കുന്നത്. അതേസമയം കേരളത്തിന്റെ സവിശേഷമായ സാഹചര്യങ്ങൾക്ക് അനുസൃതമായ ചില മാറ്റങ്ങൾ പ്രവർത്തനത്തിൽ വരുത്തുന്നത് അഭികാമ്യമാകുമെന്ന് മന്ത്രി എം ബി രാജേഷ് നിർദേശിച്ചു.


വിശദമായ പരിശോധനയ്ക്ക് ശേഷം ഈ കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാമെന്ന് ലോകബാങ്ക് സംഘം മന്ത്രിയോട് പറഞ്ഞു. കേരളത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ലോകബാങ്കിന്റെ പിന്തുണയും സഹായവും തുടർന്നുമുണ്ടാകും. കൂടുതൽ മേഖലകളിൽ സഹകരിച്ച് മുന്നോട്ടുപോകാമെന്നാണ് പ്രതീക്ഷയെന്നും സംഘം പറഞ്ഞു. കേരളം സമ്പൂർണ മാലിന്യമുക്തമാക്കാൻ നടത്തുന്ന പ്രവർത്തനങ്ങളിൽ ലോകബാങ്ക് പിന്തുണ സഹായകരമാകുമെന്ന് മന്ത്രി പറഞ്ഞു.

പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കും.

കൂടിക്കാഴ്ചയിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ, കെ എസ് ഡബ്ല്യൂ എം പി പ്രൊജക്ട് ഡയറക്ടർ ദിവ്യ എസ് അയ്യർ, ലോകബാങ്ക് ടാസ്ക് ടീം ലീഡർ സിയു ജെറി ചെൻ, ലോകബാങ്ക് കോ ടാസ്ക് ടീം ലീഡർ പൂനം അലുവാലിയ ഖാനിജോ, ലോകബാങ്ക് പ്രതിനിധികളായ റോബിൻ കുമാർ ഠാക്കൂർ, മൃദുല സിംഗ്, റിദ്ധിമാൻ സാഹാ, എനോക്കാ വിജഗുണവർദനെ, ദീപാ ബാലകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

## സംഭവ് ഹാക്കത്തോൺ 2024 പ്രഖ്യാപിച്ച് ആമസോൺ

**കൊച്ചി:** ഇകൊമേഴ്സിൽ ഇന്ത്യൻ ചെറുകിട, ഇടത്തരം ബിസിനസുകൾക്കായി (എസ്എംബി) നെക്സ്റ്റ്ജെൻ ടെക്, എഐപവേർഡ് ഇന്നൊവേഷനുകൾ രൂപപ്പെടുത്തുന്നതിന് സംഭവ് ഹാക്കത്തോൺ 2024 എന്ന പേരിൽ രാജ്യവ്യാപക മത്സരം അവതരിപ്പിച്ചതായി ആമസോൺ ഇന്ത്യ പ്രഖ്യാപിച്ചു. ഇന്ത്യയിൽ നടക്കുന്ന കമ്പനിയുടെ മുൻനിര വാർഷിക ഉച്ചകോടിയുടെ അഞ്ചാം പതിപ്പായ ആമസോൺ സംഭവ് 2024ൻറെ മുന്നൊരുക്കത്തിൻറെ ഭാഗമായാണ് ഹാക്കത്തോൺ സംഘടിപ്പിക്കുന്നത്. ഇന്ത്യയുടെ ഡിജിറ്റൽ സമ്പദ്വ്യവസ്ഥയുടെ വളർച്ചക്ക് സംഭാവന നൽകാൻ ഇന്ത്യയിലുടനീളമുള്ള ഇന്നോവേറ്റേഴ്സിനെയും ഈ സംരംഭത്തിലൂടെ ആമസോൺ ക്ഷണിക്കുന്നു.നവംബർ 14 ആണ് സംഭവ് ഹാക്കത്തോൺ 2024ലേക്കുള്ള ആശയ സമർപ്പണത്തിനുള്ള അവസാന തീയതി. നവംബർ 18ന് ഷോർട്ട്ലിസ്റ്റ് ചെയ്ത ആശയങ്ങളുടെ പ്രഖ്യാപനം നടത്തും, നവംബർ 24 ആയിരിക്കും പ്രോട്ടോടൈപ്പ് സമർപ്പിക്കാനുള്ള അവസാന തീയതി. ഡിസംബർ 5,6 തീയതികളിലായിരിക്കും വെർച്ചൽ ഡെമോസ്. ഡിസംബർ 10ന് ആമസോൺ സംഭവ് 2024ൽ അന്തിമ വിജയിയെ പ്രഖ്യാപിക്കും.വലിയ സ്വപ്നങ്ങൾ കാണാനും, നിലവിലെ വ്യവസ്ഥയെ തകർക്കാനും, ഇകൊമേഴ്സിൻറെ ഭാവി രൂപകൽപന ചെയ്യാനും രാജ്യത്തുടനീളമുള്ള ഇന്നോവേറ്റേഴ്സിനുള്ള തുറന്ന അവസരമാണ് ആമസോൺ സംഭവ് ഹാക്കത്തോൺ. ഹാക്കത്തോണിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുന്നതിനും ഈ വെബ്സൈറ്റ് സന്ദർശിക്കാം: https://bit.ly/Smbhav_Hackathon2024.




# ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവലിന് ഡിസംബർ ആറിന് തുടക്കം

ദുബായ്: ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ (ഡിഎസ്എഫ്) 30ാമത് എഡിഷൻ 38 ദിവസം നീണ്ടുനിൽക്കുന്ന കലാ സാസ്കാരിക പരിപാടികളോടെ ഡിസംബർ ആറിന് ആരംഭിക്കും. വ്യാപാരോത്സവത്തിന്റെ ആദ്യ ആഴ്ചയിൽ പ്രശസ്തമായ 321 ആഘോഷങ്ങൾ രണ്ട് പുതിയ ലൊക്കേഷനുകളിലേക്ക് തിരികെ വരുന്നു എന്ന സവിശേഷതയും ഇക്കുറിയുണ്ട്. ഡിസംബർ 6 മുതൽ 8 വരെ നടക്കുന്ന സംഗീത കച്ചേരികളും മറ്റ് കലാപരിപാടികളും ആഘോഷങ്ങളും ഇതുവരെ കാണാത്ത ദൃശ്യങ്ങളാകും ദുബായ്ക്ക് സമ്മാനിക്കുക. ഇത്തവണ 321 ആഘോഷങ്ങൾ സിറ്റി വോക്കിലേക്കും നീളും.

കൊക്കകോള അറീനയിൽ നടക്കുന്ന മൂന്നു ദിന സായാഹ്ന ആഘോഷപരിപാടികളുടെ ഭാഗമായി ഡിസംബർ ആറിന് അറബി സംഗീതത്തിലെ ഇതിഹാസ കലാകാരൻമാരായ ജോർജസ് വസൂഫും കാദിം അൽ സാഹിറും ചേർന്ന വതരിപ്പിക്കുന്ന സംഗീത കച്ചേരിക്ക് തുടക്കമാകും. ഡിഎസ്എഫിന്റെ 30ാമത് എഡിഷന്റെ ഭാഗമായി ഔട്ട്ഡോർ വിനോദം, വിവിധ ആഘോഷപരിപാടികൾ എന്നിവ ഉൾപ്പെടുന്ന 321 ആഘോഷൾ സിറ്റി വോക്കിൽ നടക്കും. 2024 ഡിസംബർ 6 മുതൽ 2025 ജനുവരി 12 വരെ, 38 ദിവസങ്ങളിൽ എല്ലാ ദിവസവും, നഗരത്തിന്റെ എല്ലാ കോണുകളിലും, ഏറ്റവും ആകർഷകവും പുതിയതുമായ പരിപാടികൾ അരങ്ങേറും,

സീസണിലെ മികച്ച കാലാവസ്ഥയിൽ നഗരത്തിലെ ഐതിഹാസികവും ജനപ്രിയമായ ബീച്ചുകളുടെയും വിനോദ സഞ്ചാര കേന്ദ്രങ്ങളുടെയും പശ്ചാത്തലത്തിലാണ് സംഗീത കച്ചേരികളും ഇവന്റുകളും സംഘടിപ്പിച്ചിരിക്കുന്നത്. പൂർണ്ണമായ ഡിഎസ്എഫ് കലണ്ടർ ഉടൻ പുറത്തിറക്കും, ദുബായ്ക്ക് മാത്രം അവകാശപ്പെടാനാകുന്ന ഈ ആഘോഷദിനങ്ങൾ എങ്ങനെ പരമാവധി പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള സമഗ്രമായ ഗൈഡ് പ്രദർശിപ്പിക്കും.

അൽ ഫുതൈം മാൾസ് (ദുബായ് ഫെസ്റ്റിവൽ സിറ്റി മാൾ, ദുബായ് ഫെസ്റ്റിവൽ പ്ലാസ), എ ഡബ്ല്യു റോസ്തമാനി ഗ്രൂപ്പ്, എമിറേറ്റ്സ് എയർലൈൻസ്, ഇഎൻഒസി,, തലാബത്ത് എന്നിവയുമായി സഹകരിച്ചാണ് 2024 ന് ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവൽ നടക്കുന്നത്.കൂടുതൽ വിവരങ്ങൾക്ക് @DubaiFestivals എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ഇന്റർനാഷണൽ ഷെഫ് ഡേ :മത്സരങ്ങൾ സംഘടിപ്പിച്ചു

**കൊച്ചി :** കൊച്ചിയിലെ ചാവറ കൾച്ചറൽ സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചാവറ ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചി ഇന്റർനാഷണൽ ഷെഫ് ഡേയോടനുബന്ധിച്ച് എല്ലാവർഷവും നടത്തിവരുന്ന ഷെഫ് ഡേ കോമ്പറ്റീഷൻ 2024 ൽ 35ൽ അധികം ടീമുകൾ പങ്കെടുത്തു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി എം ഐ അധ്യക്ഷത വഹിച്ചു. നല്ല വ്യക്തിത്വം ആണ് ഹോട്ടൽ മാനേജ്മെന്റ് മേഖലയുടെ മൂലധനം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഗ്രൂമിങ്ങിന്റെ പ്രാധാന്യം ഹോസ്പിറ്റാലിറ്റി മേഖലയിൽ എത്രത്തോളം വലുതാണ് എന്നതിനെ കുറിച്ച് കൊച്ചി ഗ്രാൻഡ് ഹയാത്ത് എക്സിക്യൂട്ടീവ് ഷെഫ്. കേദാർ ബോബ്ഡേ വിദ്യാർത്ഥികളെ പറഞ്ഞു മനസ്സിലാക്കി. സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊച്ചി ഗ്രാൻഡ് ഹയാത്ത് ലേണിംഗ് മാനേജർ അമർനാഥ് ദുട്ട റോയ്, ഹോട്ടൽ ലുലു മാരിയറ്റ് പേസ്ട്രി ഷെഫ് ജയ്മോൻ വർഗീസ് വെള്ളിക്കര, ഹോട്ടൽ ലുലു മാരിയറ്റ് ജൂനിയർ ഷൂ ഷെഫ്



ബിജിത്ത് ഗോഷ് എന്നിവർ യോഗത്തിൽ സംസാരിച്ചു. ചാവറ ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചി ഡയറക്ടർ ഫാ. ബിജു വടക്കേൽ സി എം ഐ മുഖ്യ സന്ദേശം നൽകി സംസാരിച്ചു.സൗത്ത് റീജൻസി ജനറൽ മാനേജർ ഉമേഷ് രാജു, എക്സലൻസി ഹോട്ടൽ മാനേജിംഗ് ഡയറക്ടർ റോഷ്നി, ചാവറ ഇൻസ്റിറ്റിയൂട്ട് ഹോട്ടൽ മാനേജ്മെന്റ് വിഭാഗം ഒഛഉ ജയ്മോൾ മേരി ടോം എന്നിവർ പങ്കെടുത്തു. ഇന്റർനാഷണൽ ഷെഫ് ഡേ അനുബന്ധിച്ച് ചാവറ ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചി സംഘടിപ്പിച്ച ഷെഫ് ഡേ കോമ്പറ്റീഷനിൽ ഒന്നാം സമ്മാനം സെമിത കെ.ബി. യും, രണ്ടാം സമ്മാനം തൃഷ്ണ ടി. ആറും, അതുല്യ കെ രവി, നിബിതാ ഷബീബ് എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

# ഇന്ത്യയിൽ നെയിം വെരിഫിക്കേഷൻ ലോഞ്ച് ചെയ്യുന്നു

**ബെംഗളൂരു:** ട്രൂകോളർ ഇന്ത്യയിലെ എല്ലാ പ്രീമിയം ഉപയോക്താക്കൾക്കായി ബ്ലൂ ടിക്ക് പരിശോധന ആരംഭിച്ചുവെന്നു അറിയിച്ചു. ഈ പുതിയ വെരിഫൈഡ് ബാഡ്ജ് സേവനം, ഉപയോക്താക്കൾക്ക് അവരുടെ ശരിയായ പേരുകൾ സ്ഥിരീകരിക്കാൻ, സർക്കാർ പിന്തുണയുള്ള യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (യുപിഐ) വഴി ഐഡന്റിറ്റി പരിശോധിക്കാൻ അനുവദിക്കുന്നു.

# സൂര്യകോൺ കേരള കോൺഫറൻസ് ഇന്ന് കൊച്ചിയിൽ

**കൊച്ചി:** സോളാർ എനർജി രംഗത്തെ രാജ്യത്തെ പ്രമുഖ വിദഗ്ദ്ധർ പങ്കെടുക്കുന്ന സൂര്യകോൺ, ഡീകാർബണൈസ് കോൺഫറൻസ് ഇന്ന് കൊച്ചിയിൽ. താജ് വിവാന്തയിൽ രാവിലെ 9.30 ന് ആരംഭിക്കുന്ന കോൺഫറൻസിൽ മുൻ എം.പിയും ഇന്ത്യൻ സോളാർ അസോസിയേഷൻ പ്രസിഡന്റുമായ സി. നരസിംഹൻ മുഖ്യപ്രഭാഷണം നടത്തും.

സോളാർ എനർജി മേഖലയിലെ പ്രമുഖ പ്രസിദ്ധീകരണമായ ഇ.ക്യു ഇന്റൽ സംഘടിപ്പിക്കുന്ന കോൺഫറൻസിൽ അനർട്ട് അഡീഷണൽ ചീഫ് ടെക്നിക്കൽ മാനേജർ ഡോ. അജിത് ഗോപി, കേരള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ ഹരികുമാർ,കെഎസ്ഇബി പി.എം സൂര്യഘർ പ്രോജക്ട് നോഡൽ ഓഫീസർ നൗഷാദ് എസ്, കേരള എനർജി എഫിഷ്യൻസി സർവീസ് ലിമിറ്റഡ് സംസ്ഥാന മേധാവി സൂരജ് കാന്ത് തുടങ്ങിയവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി സംസാരിക്കും. ചടങ്ങിൽ അദാനി സോളാർ മേധാവി ഉൾപ്പെടെയുള്ള നിരവധി വ്യവസായ പ്രമുഖരും പങ്കെടുക്കും. സസ്റ്റെയ്നബിലിറ്റി ആൻഡ് ഡീകാർബണൈസേഷൻ, യൂട്ടിലിറ്റി സ്കെയിൽ സോളാർ, ഡിസ്ട്രിബ്യൂട്ടഡ് സോളാർ, മാനുഫാക്ചറിങ് ആൻഡ് ടെക്നോളജി എന്നീ വിഷയങ്ങളെ ആസ്പദമാക്കി വിദഗ്ദ്ധർ പങ്കെടുക്കുന്ന പാനൽ ചർച്ചയും നടക്കും. തുടർന്ന് ഈ വർഷം സോളാർ മേഖലയിൽ വൈദഗ്ദ്ധ്യം തെളിയിച്ചവർക്കുള്ള പുരസ്കാര വിതരണവും നടക്കും.

# ഇക്വിറസ് ഗ്രൂപ്പും അമിക്കസ് ക്യാപിറ്റലും ഇക്വിറ്റി നിക്ഷേപം നടത്തി

**കൊച്ചി:** പ്രമുഖ ധനകാര്യ സ്ഥാപനമായ ഇക്വിറസ് ഗ്രൂപ്പും സ്വകാര്യ ഇക്വിറ്റി സ്ഥാപനമായ അമിക്കസ് ക്യാപിറ്റലും അനുബന്ധ നിക്ഷേപകരും ഇക്വിറ്റി നിക്ഷേപം നടത്തി. ഇതോടെ അമിക്കസ് ക്യാപിറ്റലിൻറെ നിക്ഷേപം, ഇക്വിറസിൻറെ മൂലധന ചരിത്രത്തിൽ മൂന്നാമത്തെ ഇക്വിറ്റി ഇൻഫ്യൂഷനായി.

125 കോടി രൂപയുടെ ഈ നിക്ഷേപത്തോടെ ബാങ്കിംഗ്, അസറ്റ് മാനേജ്മെന്റ്, ഇൻഷുറൻസ് ബ്രോക്കിംഗ് എന്നിവയിൽ ഏറ്റവും മികച്ച സേവനം നൽകുന്ന ധനകാര്യ സ്ഥാപനമെന്ന നിലയിലുള്ള പ്രവർത്തനം തുടരുമെന്ന് ഇക്വിറസ് അറിയിച്ചു.10 ശതമാനത്തോളം ഓഹരികൾ ലഭിക്കുന്ന നിക്ഷേപത്തോടെ അമിക്കസ്, മൂലധനം, സാങ്കേതികവിദ്യ, റിസ്ക് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ ഇക്വിറസിന് ആവശ്യമായ പിന്തുണ നൽകും. 2018 മുതൽ ഇക്വിറസിൻറെ വളർച്ചയിൽ നിർണായക പങ്ക് വഹിച്ച ഫെഡറൽ ബാങ്ക്, തുടർന്നും സുപ്രധാന ഓഹരിയുടമയായി തുടരുമെന്ന് കമ്പനി അറിയിച്ചു,'അമിക്കസ് ക്യാപിറ്റലിനെ ഞങ്ങളുടെ നിക്ഷേപകരുടെ ഭാഗമാകാൻ ഏറെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു, സാമ്പത്തിക മേഖലയിൽ അവരുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്താനുള്ള അവസരത്തിനായി ഞങ്ങൾ കാത്തിരിക്കുന്നു,' ഇക്വിറസ് ഗ്രൂപ്പിൻറെ മാനേജിംഗ് ഡയറക്ടർ അജയ് ഗാർഗ് പറഞ്ഞു.ഇക്വിറസിൻറെ വളർച്ചയുടെ ഏറ്റവും നിർണ്ണായക ഘട്ടത്തിൽ അവരുമായി സഹകരിക്കുന്നതിൽ ഏറെ ആഹ്ലാദമുണ്ടെന്ന് അമിക്കസ് ക്യാപിറ്റൽ സഹസ്ഥാപകൻ മഹേഷ് പരശുരാമൻ പറഞ്ഞു.

# ബാരാത് ഡിസൈനർ വെഡിങ് കളക്ഷനുമായി തസ്‌വ

കൊച്ചി: ആദിത്യ ബിർല ഫാഷൻ റീട്ടെയിൽ ലിമിറ്റഡിനു കീഴിലുള്ള മെൻസ് വിയർ ബ്രാൻഡായ തസ്‌വ ബരാത് വെഡിങ് കളക്ഷൻ അവതരിപ്പിച്ചു. തരുൺ തഹിലിയാനിയുമായി ചേർന്നാണ് പുതിയ വിന്റർ വെഡിങ് കലക്ഷൻ ഒരുക്കിയിരിക്കുന്നത്. വിവാഹ വേദിയിലേക്കുള്ള വരന്റെ പരമ്പരാഗത ആഗമനമാണ് ബാരാത്. ന്യൂ ദൽഹിയിലെ ട്രാവൻകൂർ പാലസിൽ നടന്ന ഫാഷൻ ചടങ്ങിൽ ബോളിവുഡ് താരം രൺബീർ കപൂറും പങ്കെടുത്തു. പരമ്പരാഗത ഇന്ത്യൻ കലാചാതുരിയും സമകാലിക ചേരുവകളും സമന്വയിപ്പിച്ച്, വിവിധ കലാരൂപങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഇവ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സങ്കീർണ്ണമായ ശിക്കാർഗ, ഫുൽക്കാരി അലങ്കാരങ്ങൾ പ്രതിഫലിപ്പിക്കുന്ന ഈ ശേഖരം ആരി, മിറർ, സർദോസി എംബ്രോയ്ഡറികളാലും പേൾ അലങ്കാരങ്ങളാലും സമ്പന്നമാണ്.

# സിഗ്ളോക്ക് എക്സിക്യൂട്ട് ഡിജിറ്റൽ കട്ടറും സാമ്പിൾ മേക്കറും അവതരിപ്പിച്ച് ബൈൻഡ് വെൽ

**കൊച്ചി:** ഡിജിറ്റൽ, ഓഫ്സെറ്റ് പ്രിന്റിങ് വ്യവസായത്തിലെ സുപ്രധാന ഉപകരണങ്ങളായ ഡിജിറ്റൽ കട്ടറുകളും സാമ്പിൾ മേക്കറും തദ്ദേശീയമായി വികസിപ്പിച്ച് ബൈൻഡ് വെൽ . കൊച്ചിയിൽ നടന്ന ചടങ്ങിലാണ് സിഗ്ളോക്ക് എക്സിക്യൂട്ട് എന്ന യന്ത്രം വിപണിയിലിറക്കിയത്. കൊച്ചിയിലെ ഗോകുലം കൺവെൻഷൻ സെന്ററിലെ പമ്പ ഹാളിൽ നടന്ന ചടങ്ങ് കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ലൂയിസ് ഫ്രാൻസിസ് ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ കലാകാരൻമാർ, ഡിസൈനർമാർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.



കഴിഞ്ഞ 30 വർഷമായി പ്രിന്റിങ്, ബൈൻഡിങ്, പാക്കേജിങ് രംഗങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനിയാണ് ബൈൻഡ്വെൽസ്റ്റെൽഡ. കൊച്ചി സ്വദേശിയായ പള്ളിപ്പുറം സജിത്താണ് കമ്പനിയുടെ സ്ഥാപക ഡയറക്ടർ. ഇതിൽ സ്റ്റെൽഡ എന്ന ഉപവിഭാഗം പാക്കേജിങ് സാമഗ്രികൾ നിർമിക്കുന്നു.കടലാസുകൊണ്ടുള്ള ഏത് ഡിസൈനും ത്രിമാനരൂപത്തിൽ ചെയ്തെടുക്കാൻ കഴിയുന്ന ഫ്ലാറ്റ്ബെഡ് കട്ടറാണ് സിഗ്ളോക്ക് എക്സിക്യൂട്ട് എന്ന് പള്ളിപ്പുറം സജിത്ത് പറഞ്ഞു. കേരളത്തിൽ ആദ്യമായിട്ടാണ് ഇത്രയും നൂതനമായ സംവിധാനങ്ങളുള്ള ഒരു ഡിജിറ്റൽ കട്ടറും സാമ്പിൾ മേക്കറും അവതരിപ്പിക്കുന്നത്. ചെറിയ ഡിജിറ്റൽ പ്രിന്റിങ്ങിനും വൻതോതിലുള്ള വ്യാവസായിക ഓഫ്സെറ്റ് പ്രിന്റിങ്ങിനും ഒരുപോലെ അനുയോജ്യമാണ് ഈ മെഷീൻ. ബിസിനസ് കാർഡുകൾ, ലേബലുകൾ, പരസ്യങ്ങൾ എന്നിങ്ങനെ എന്തും വളരെ വേഗത്തിൽ കുറഞ്ഞ ചെലവിൽ പ്രിന്റ് ചെയ്യാനാകും. ന്യൂമാറ്റിക്ക് കൺട്രോൾ ഉപകരണങ്ങൾ, ക്യു.ആർ സ്കാനർ, മിഴിവേറിയ ക്യാമറ എന്നിവയാണ് സിഗ്ളോക്ക് എക്സിക്യൂട്ടിന്റെ പ്രധാന ആകർഷണങ്ങൾ. കടലാസിന് പുറമെ സ്റ്റിക്കർ ഷീറ്റുകൾ, ആർട്ട് കാർഡുകൾ, മാഗ്നറ്റിക് ഷീറ്റുകൾ എന്നിവയും റെക്കോർഡ് വേഗത്തിൽ കട്ട് ചെയ്യാനുള്ള ശേഷിയുണ്ട്. സെക്കൻഡിൽ 1200 മില്ലിമീറ്റർ വരെയാണ് സിഗ്ളോക്ക് എക്സിക്യൂട്ടിന്റെ വേഗത.

ഭാവിയിൽ ഉൽപ്പന്നനിർമാണം, ടെക്സ്റ്റൈൽസ്, ഇലക്ട്രോണിക്സ് എന്നീ രംഗങ്ങളിലും ഉപയോഗിക്കാനാവുന്ന തരത്തിൽ മെഷീൻ വികസിപ്പിക്കും.രാജ്യത്തെ പ്രിന്റിങ് മേഖലയിൽ വിപണിമത്സരം കൂടിക്കൊണ്ടിരിക്കുകയാണ്. ഓരോ ഉപഭോക്താവിന്റെയും സവിശേഷ ആവശ്യങ്ങൾക്കനുസരിച്ച് വേഗത്തിലും കൃത്യതയോടെയും പ്രിന്റിങ് ജോലികൾ പൂർത്തിയാക്കി ലാഭമുയർത്താൻ സിഗ്ളോക്ക് എക്സിക്യൂട്ട് സഹായിക്കുമെന്നും. പരമ്പരാഗത ഡൈ കട്ടിങ് മെഷീനുകൾക്ക് കഴിയാത്ത ഡാൻഗ്ലറുകൾ, ഗിഫ്റ്റ് ബോക്സുകൾ, സ്റ്റാൻഡിങ് ഫ്ലെക്സുകൾ എന്നിവ അനായാസം നിർമിക്കാനാകും. അങ്ങനെ ഒറ്റ മെഷീനിൽ നിന്നുതന്നെ കൂടുതൽ വരുമാനമാർഗങ്ങൾ കണ്ടെത്താൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

## സിഎംഎഫ്ആർഐയിൽ യങ് പ്രൊഫഷണൽ ഒഴിവ്

**കൊച്ചി** :കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) കരാർ അടിസ്ഥാനത്തിൽ യങ് പ്രൊഫഷണലിന്റെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ goraadnan@gmail.com എന്ന വിലാസത്തിൽ ഇമെയിൽ ചെയ്യണം. അവസാന തീയതി ഒക്ടോബർ 31 വെബ്സൈറ്റ് www.cmfri.org.in

## അന്താരാഷ്ട്ര സോഫിഷ് ദിനം: സിഎംഎഫ്ആർഐയിൽ വിദ്യാർത്ഥി സംഗമം

**കൊച്ചി:** അതിതീവ്ര വംശനാശഭീഷണി നേരിടുന്ന അറക്കവാൾ സ്രാവിനങ്ങളെ (സോഫിഷ്) കുറിച്ച് ബോധവൽകരണം നടത്തുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഇന്ന് വിദ്യാർത്ഥി സംഗമം സംഘടിപ്പിക്കും. അന്താരാഷ്ട്ര സോഫിഷ് ദിനാചരണത്തിന്റെ ഭാഗമായാണ് പരിപാടി. മുന്നോറോളം സ്കൂൾ കോളേജ് വിദ്യാർത്ഥികൾ പങ്കെടുക്കും. വലിയ സ്രാവുകളുടെ ഗണത്തിൽപെടുന്ന അറക്കവാൾ സ്രാവിനങ്ങളെ അടുത്തറിയാനും ശാസ്ത്രജ്ഞരുമായി സംവദിക്കാനും വിദ്യാർത്ഥികൾക്ക് അവസരമുണ്ടാകും.രാവിലെ 10ന് ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്യും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിക്കും. ഇന്ത്യയിലെ സ്രാവിനങ്ങളെ കുറിച്ചുള്ള ഗവേഷണം സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് ഫിൻഫിഷ് ഫിഷറീസ് വിഭാഗം മേധാവി ഡോ ശോഭ ജോ കിഴക്കൂടൻ റിപ്പോർട്ട് അവതരിപ്പിക്കും.അറക്കവാൾ പോലെ നീണ്ട തലഭാഗമാണ് ഈ സ്രാവിനങ്ങൾക്ക്. അതിതീവ്ര വംശനാശഭീഷണി നേരിടുന്നതിനാൽ ഇവയെ ഇന്ത്യയിൽ സംരക്ഷിത വന്യജീവികളായി പ്രഖ്യാപിച്ചിട്ടുണ്ട്. താരതമ്യേന വളർച്ചാനിരക്ക് കുറവായതും മത്സ്യബന്ധനവലകളിൽ കുടുങ്ങാനുള്ള ഉയർന്ന സാധ്യതയും കാരണം ഇവ അമിതചൂഷണത്തിന് ഇരയാകുന്നുണ്ട്. ആവാസവ്യവസ്ഥയുടെ തകർച്ചയും പ്രധാന ഭീഷണിയാണ്.

# 1000 കാഴ്ചപരിമിതർക്ക് വെള്ള വടി സമ്മാനിച്ച് എസ്.എഫ്.ഓ ടെക്നോളോജിസ്




**കൊച്ചി:** കാഴ്ചപരിമിതരെ ആശ്രിതത്വത്തിൽ നിന്ന് സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് കൊണ്ട് വന്ന് അവരുടെ പൂർണ പങ്കാളിത്തെ പ്രോഹത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആചരിക്കുന്ന 'വെള്ള വടി' (വൈറ്റ് കെയിൻ) ദിനത്തോടനുബന്ധിച്ചു സംസ്ഥാനത്തെ 1000 കാഴ്ചപരിമിതർക്ക് സഹായവുമായി വെള്ള വടികൾ സമ്മാനിച്ച് നെസ്റ്റ് ഗ്രൂപ്പിൻറെ എസ് എഫ് ഒ ടെക്നോളജീസ്.

കാഴ്ചപരിമിതരുടെ സ്വാതന്ത്ര്യബോധത്തിൻറെയും നിശ്ചയദാർഢ്യത്തിൻറെയും പ്രഖ്യാപനമായാണ് ലോകമെമ്പാടും ഒക്ടോബർ 15 വെള്ള വടി ദിനമായി ആചരിച്ചു വരുന്നത്. കാഴ്ചപരിമിതരുടെ വെല്ലുവിളികളെക്കുറിച്ചും അവർക്ക് സമൂഹം എങ്ങനെ താങ്ങായി നിൽക്കണമെന്ന സന്ദേശം നൽകുന്നതിൻറെ ഭാഗമായാണ് എസ് എഫ് ഒ ടെക്നോളജീസ് ഇത്തരമൊരു പരിപാടി സംഘടിപ്പിച്ചതെന്ന് ചെയർമാനും എം ഡിയുമായ ഡോ. എൻ ജഹാൻഗീർ പറഞ്ഞു. കേരള ഫഡറേഷൻ ഓഫ് ദി ബ്ലൈൻഡുമായി ചേർന്നാണ് കളമശ്ശേരി നെസ്റ്റ് ഹൈടെക് പാർക്കിൽ വെച്ച് പരിപാടി സംഘടിപ്പിച്ചത്.പരിപാടിയുടെ ഉദ്ഘാടനം എസ് എഫ് ഒ ടെക്നോളജീസ് സോഫ്റ്റ്വെയർ ഡിവിഷൻ സിഇഒ & എക്സിക്യൂട്ടീവ് ഡയറക്ടർ നാസ്നീൻ ജഹാൻഗീർനിർവഹിച്ചു.കാഴ്ചപരിമിതരോടുള്ള ആദരസൂചകമായി കണ്ണുകൾ മറച്ചു കൊണ്ട് എസ് എഫ് ഒ ജീവനക്കാരും കാഴ്ചപരിമിതരും പങ്കെടുത്ത റാലിയും ചടങ്ങിൻറെ ഭാഗമായി സംഘടിപ്പിച്ചു. കാഴ്ച പരിമിതർക്ക് സഹായമായി 'വെള്ള വടി' നൽകിയതിന് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഈ ചടങ്ങോടെ എസ് എഫ് ഒ ടെക്നോളജീസ് ഇടം നേടി.കെഎഫ്ബി വൈസ് പ്രസിഡൻറ് ഇ രാജൻ, കെഎഎഫ്ബി എറണാകുളം പ്രസിഡൻറ് വി കെ ശ്രീജിത്ത്, കെഎഫ്ബി സംസ്ഥാന സെക്രട്ടറി കെ സി രാധാകൃഷ്ണൻ, എറണാകുളം സെക്രട്ടറി രാജു ജോർജ്ജ് തുടങ്ങി കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിൻറെ പ്രധാന പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു. ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിനെ പ്രതിനിധീകരിച്ച് അഡ്ജുഡിക്കേറ്റർ വിവേക് നായർ പങ്കെടുത്തു. എസ്എഫ്ഒ ടെക്നോളജീസിനെ പ്രതിനിധീകരിച്ചു സീനിയർ മാനേജ്മെൻറ് എക്സിക്യൂട്ടീവ്സ് കെ ജയരാജ്, സണ്ണി സെബാസ്റ്റ്യൻ, എഎം ഇഖ്ബാൽ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% CUSTOMER SATISFACTION GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com